For private circulation only

# ഇന്ത്യൻ ബ്രദറൺ

സത്യവചനത്തിന്റെ കാലോചിത സമർപ്പണം


ബ്രദറൺ ക്രിസ്ത്യൻ ചർച്ചസ് ഫെലോഷിപ്പ് പ്രസിദ്ധീകരണം

പുസ്തകം 1, ലക്കം 2, 2011 ജൂൺ 20

# സൗത്ത് വെസ്റ്റ് കോൺഫറൻസ് 26ന് സമാപിക്കും

## ● 25–ാമത് സമ്മേളനം ● ആയിരത്തോളം വിശ്വാസികൾ പങ്കെടുക്കും

**സ്കറിയാ വർഗീസ്, ഡാലസ്**


അലക്സാണ്ടർ കുര്യൻ


ജോർജ്ജ് കോശി


ജോൺ കുര്യൻ


റെക്സ് ട്രോഡൻ


ബ്രാഡി കോളിയർ

**ഡാ**ലസ്, ഹ്യൂസ്റ്റൺ, ഒക്‌ലാഹോമാ സംസ്ഥാനങ്ങളിലെ ബ്രദറൺ വിശ്വാസികളുടെ 25–ാമത് വാർഷിക സമ്മേളനം ജൂൺ 23 മുതൽ 26 വരെ ഡാലസിലെ റാഡിസൺ ഹോട്ടലിൽ നടക്കും. നാലു ദിവസം നീണ്ടുനില്ക്കുന്ന ആത്മീക സംഗമത്തിൽ അലക്സാണ്ടർ കുര്യൻ, ജോർജ്ജ് കോശി, ജോൺ കുര്യൻ, റെക്സ് ട്രോഡൻ, ബ്രാഡി കോളിയർ എന്നിവർ മുഖ്യസന്ദേശങ്ങൾ നല്കും.

ഐക്യനാടുകളുടെ തെക്കൻ സംസ്ഥാനമായ ടെക്സസിൽ കുടിയേറിപ്പാർത്ത ബ്രദറൺ വിശ്വാസികളുടെ ആദ്യ കുടിവരവ് ആരംഭിച്ചത് 1987 ലാണ്. 1970 കളിൽ ഈ പ്രദേശത്ത് വന്ന ആത്മീയ താല്പര്യം ഉള്ള സഹോദരന്മാരുടെ ദീർഘകാല ആഗ്രഹവും പ്രാർത്ഥനയും ആയിരുന്നു ഈ കൂടിവരവ്. ഒരു വ്യക്തിയൊ, സഭയൊ, ഇതിന്റെ ആരംഭമല്ല. നാട്ടിൽനിന്നും വന്നെത്തിയ ഒന്നാം തലമുറക്കാരുടെ കൂടിവരവുകളുടെ മാധുര്യം, സംയുക്ത സഭായോഗങ്ങൾ, പ്രാദേശിക സുവിശേഷ ക്യാമ്പുകൾ, വിവിധ പ്രായത്തിൽപ്പെട്ടവരുടെ കൂടിവരവുകൾ ഇവ ആത്മീയ പ്രചോദനം നല്കിയത് ഈ കൂടിവരവിന്റെ ആരംഭത്തിനും സഹായമായിരുന്നു.

ഡാലസ്, ഹ്യൂസ്റ്റൻ എന്നീ പട്ടണങ്ങളിലുള്ള വിശ്വാസികൾ ഒന്നിച്ച് പ്രാർത്ഥിച്ച് 1987ൽ ദൈവഹിതം നിറവേറ്റി. മഹത്വം വ്യക്തികൾക്കല്ല, രക്ഷകനായ കർത്താവിനുമാത്രം. ആദ്യവർഷങ്ങളിൽ ഇൻഡ്യൻ ബ്രദറൺ കോൺഫറൻസ് എന്നും പിന്നീട് ടെക്സസ് ബ്രദറൺ കോൺഫറൻസ് എന്നും അറിയപ്പെട്ടിരുന്നു. ഒക്‌ലഹോമയിൽ കൂടിവരവ് ആരംഭിച്ചതോടെ സൗത്ത് വെസ്റ്റ് ബ്രദറൺ കോൺഫറൻസ് എന്നായി പേര്. 1987 ൽ നൂറിൽ താഴെ മാത്രം വിശ്വാസികൾ പങ്കെടുത്തു. 2011 ൽ എല്ലാവരും പങ്കെടുത്താൽ ആയിരത്തോളം വിശ്വാസികൾ ഉണ്ടാകും.

സൗത്ത് വെസ്റ്റ് കോൺഫറൻസിന്റെ നാഴികക്കല്ലായ 25–ാം വർഷത്തിലേക്ക് 2011 വന്നിരിക്കുന്നു. തെക്കൻ സംസ്ഥാനങ്ങളിലുള്ള എല്ലാ ബ്രദറൺ വിശ്വാസികളെയും ഉൾപ്പെടുത്തി ജൂബിലി വർഷമായി ആഘോഷിക്കുവാൻ ചുമതലപ്പെട്ടവർ തീരുമാനിച്ചിട്ടുണ്ട്. ഇത് ഒരു ആഘോഷമല്ല, കർത്താവ് കഴിഞ്ഞ 25 കൊല്ലം നടത്തിയ ഉപകാരങ്ങളെ ഓർത്ത് വിശ്വാസികൾ നടത്തുന്ന ഒരു സ്തോത്രശുശ്രൂഷയാണ്.

ആരംഭപ്രവർത്തകർ തങ്ങളുടെ ഓർമ്മകൾ പങ്കുവെയ്ക്കുകയും ഇങ്ങനെ ഉള്ള പ്രവർത്തനങ്ങൾ പിൻ തലമുറയ്ക്ക് കൈമാറുകയും ചെയ്യുന്നതിനായി സുവർണ്ണ ജൂബിലി വർഷത്തിൽ സൗത്ത് വെസ്റ്റ് കോൺഫറൻസിനോടുനുബന്ധിച്ച് പ്രത്യേക ഒരു കൂടിവരവ് 2011 ജൂൺ 25ന് നടത്തുവാൻ തീരുമാനിച്ചു. സ്കറിയ വർഗീസ് മീറ്റിംഗിൽ അദ്ധ്യക്ഷനായിരിക്കും. ഡാലസ്, ഹ്യൂസ്റ്റൻ, ഒക്ക്‌ലോഹോമ തുടങ്ങിയ സ്ഥലങ്ങളിൽനിന്നുള്ള സഹോദരീസഹോദന്മാർ പങ്കെടുക്കും.

ചരിത്രരേഖകളും ലേഖനങ്ങളും ചിത്രങ്ങളും അടുത്ത തലമുറയ്ക്ക് കൈമാറുവാൻ ഒരു സിൽവർ ജൂബിലി സുവനീർ പ്രസിദ്ധീകരിക്കുവാൻ കർത്താവ് സഹായിച്ചു. ഈ സുവനീറിന്റെ പ്രകാശനം 2011 ജൂൺ 25ന് നടക്കുന്ന പ്രത്യേക സമ്മേളത്തിൽ തോംസൺ ഇ. വർഗീസും പി. റ്റി. ഫിലിപ്പും നിർവ്വഹിക്കും.

ആദ്യകാല വിശ്വാസികളായ കെ. സി. മത്തായി ചീഫ് എഡിറ്ററും ജോൺ ജോസഫ് കോർഡിനേറ്ററും പി. വി. നൈനാൻ, സാമുവേൽ തോമസ്, മാത്യു വൈരമൺ, പി. റ്റി. ഫിലിപ്പ്, ഡോ. ജോൺ മാത്യു, വില്ല്യം ജോൺ, ജോസ് കുരുവിള, റോജി വർഗീസ്,നോയൽ ഡാനിയേലും എഡിറ്റോറിയൽ ബോർഡ് അംഗങ്ങളുമാണ്.

## ഇൻഡ്യൻ ബ്രദറൺ ഫെലോഷിപ്പ് ഇൻഡ്യാനയിൽ

### ■ 34–ാമത് കോൺഫറൻസ് ■ ജൂൺ 29 – ജൂലൈ 3 വരെ

**ന്യൂയോർക്ക്:** വടക്കേ അമേരിക്കയിലെയും കാനഡയിലെയും ഇൻഡ്യൻ ബ്രദറൺ വിശ്വാസികളുടെ ആത്മീക സംഗമം ജൂൺ 29ന് ഇൻഡ്യാനയിലെ വെസ്ലിയൻ യൂണിവേഴ്സിറ്റി ക്യാമ്പസിൽ ആരംഭിക്കും. ജൂലൈ നാലിന് സഭായോഗത്തോടെ സമാപിക്കും കോൺഫറൻസിൽ ജോൺ കുര്യൻ, ജോർജ്ജ് കോശി, മൈക്ക് ആറ്റ്‌വുഡ്, സ്റ്റീവ് പ്രൈസ് എന്നിവർ മുഖ്യ വചനശുശ്രൂഷകൾ നിർവ്വഹിക്കും.

ഒഹായോ കോൺഫറൻസ് എന്ന പേരിൽ കഴിഞ്ഞ മൂന്നു പതിറ്റാണ്ടിലധികമായി ബ്രദറൺ വിശ്വാസികളുടെ മദ്ധ്യത്തിൽ ഏറെ പ്രസിദ്ധമാണ് ഐ. ബി. എഫ്. തിരുവചനം എന്തു പറയുന്നു എന്നതാണ് ഇത്തവണത്തെ മുഖ്യചിന്താവിഷയം. 2 തിമൊ. 3: 16.

## നോർത്ത് ഡിവിഷൻ വൈ.എം.ഇ.എഫ്. ആന്ധ്രയിൽ പ്രവർത്തനം ആരംഭിക്കുന്നു

### 1980ൽ നോർത്ത് ഡിവിഷൻ ആരംഭിച്ച ദൗത്യം ഏപ്രിലിൽ രാജസ്ഥാനിലും ഹരിയാനയിലും സമാപിച്ചു

**അങ്കമാലി.** ഭാരതസുവിശേഷവൽക്കരണത്തിൽ ശ്രദ്ധേയമായ പങ്കുവഹിച്ച ബ്രദറൺ യുവജന പ്രസ്ഥാനം ആന്ധ്രയിൽ 2011 സെപ്റ്റംബർ മുതൽ 2013 വരെ ദൈവസ്നേഹം പങ്കുവയ്ക്കും.

ആന്ധ്രാപ്രദേശിലെ 23 ജില്ലകളിൽ വടക്കുപടിഞ്ഞാറൻ ഭാഗങ്ങളിലെ പത്തു ജില്ലകളിലാണ് ആദ്യ പ്രവർത്തനങ്ങൾ. ഹൈദ്രബാദ് ക്രിസ്ത്യൻ അസംബ്ലിയിൽ കൂടിയ ആന്ധ്രയിലെ സഭാ പ്രതിനിധികളുടെ സമ്മേളനം പ്രവർത്തനങ്ങൾ സംബന്ധിച്ച തീരുമാനങ്ങൾ എടുക്കയും പ്രാർത്ഥിക്കയും ചെയ്തു. 88 സഹോദരന്മാർ പങ്കെടുത്തു. ജൂൺ 17ന് നടന്ന ആലോചനയോഗത്തിൽ കേരളത്തിൽനിന്നും സഹോദരന്മാരായ ഇ. ജെ. പൈലി, എ. ഡി. ജെയിംസ്, സി. പി. പൗലൊസ്, പി. റ്റി. ജോൺ എന്നിവർ സംബന്ധിച്ചു.

നോർത്തു ഡിവിഷൻ വൈ.എം. ഇ.എഫ്. ഇതിനോടകം വടക്കേ ഇന്ത്യയിലെ അരുണാചൽ പ്രദേശും ഹിമാചൽ പ്രദേശും ഒഴികെയുള്ള എല്ലാ സംസ്ഥാനങ്ങളിലും സുവിശേഷം എത്തിച്ചുകഴിഞ്ഞു. 1980 ൽ ആരംഭിച്ച ഈ ദൗത്യം കഴിഞ്ഞ ഏപ്രിൽ മാസത്തിൽ രാജസ്ഥാനിലും ഹരിയാനയിലും സമാപിക്കയുണ്ടായി.

ആന്ധ്രയിൽ നടത്തുന്ന പ്രവർത്തനങ്ങൾക്ക് ആവശ്യമുള്ള ചെറുപുസ്തകങ്ങൾ, ട്രാക്റ്റുകൾ, സമർപ്പിതരായ പ്രവർത്തകർ, വാഹനങ്ങൾ, സാമ്പത്തികം, ദൈവീക ആനുകൂല്യം ഇവയ്ക്കായി പ്രാർത്ഥിക്കുവാൻ ആവശ്യമുണ്ട്. ബ്രദർ. സി. പി. പൗലൊസ് മാമലശ്ശേരി ആന്ധ്രയിലെ പ്രവർത്തനങ്ങൾക്ക് ചുമതല വഹിക്കുന്നു.

# വായനക്കാർക്ക് സംതൃപ്തിയും സന്തോഷവും നല്കുക: എം. എം. സഖറിയ

**പത്തനംതിട്ട:** ആനുകാലികങ്ങളിലൂടെ സന്തോഷവും സംതൃപ്തിയും ആത്മീയവർദ്ധനവും വായനക്കാർക്ക് ഉണ്ടാകണമെന്ന് എം.എം. സഖറിയ പ്രസ്താവിച്ചു. ബ്രദറൺ ക്രിസ്റ്റ്യൻ ചർച്ചസ് ഫെലോഷിപ്പിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം ഇന്ത്യൻ ബ്രദറൺ പ്രകാശനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

സുവിശേഷവത്കരണത്തിന് മൂന്നു മാർഗ്ഗങ്ങളാണ് ദൈവവചനം അനുശാസിക്കുന്നത്. ഉപദേശിക്കുക (മത്തായി 28:17–18), സാക്ഷിക്കുക (അപ്പോ. പ്രവർത്തികൾ 1:11), എഴുതുക (വെളി. 1:11) ഈ മൂന്ന് മാർഗ്ഗത്തിലൂടെയാണ് സുവിശേഷ പ്രവർത്തനം കർത്താവിന്റെ മടങ്ങിവരവ്വരെ തുടരേണ്ടത്. ഇതിൽ എഴുതുക എന്ന ദൗത്യമാണ് ആനുകാലികങ്ങളിലൂടെ നിറവേറ്റപ്പെടുന്നത്. വേർപാട് സഭകളുടെ ആരംഭം മുതൽ ആനുകാലികങ്ങൾ ഇതു നിർവ്വഹിച്ച് വരുന്നു. സുവിശേഷവും സുവിശേഷ സത്യങ്ങളും പ്രചരിപ്പിക്കുന്നതിനോടൊപ്പം വിശ്വാസികളുടെ ആത്മീയവർദ്ധനവിനും ഉപദേശപഠനത്തിനും ആനുകാലികങ്ങൾ സഹായമായി മാറേണ്ടതുണ്ട്.


*ഇന്ത്യൻ ബ്രദറൺ ബ്രദർ എം.എം. സഖറിയായും ഡോ. ഒ.എം. സാമുവേലും പ്രകാശനം ചെയ്യുന്നു. സി.റ്റി. ജോണിക്കുട്ടി, കെ.പി. ജോർജ്, കെ.എ. ഫിലിപ്പ്, എം.വി. ബാബു, ജോർജ് പീറ്റർ, പ്രൊഫ. ജേക്കബ് തോമസ്, പി.ഇ. സാംകുട്ടി എന്നിവർ സമീപം*

ജൂൺ 22 ന് പത്തനംതിട്ട സുവിശേഷാലയത്തിൽ കൂടിയ പ്രത്യേക സമ്മേളനത്തിൽ കെ.എ. ഫിലിപ്പ് അദ്ധ്യക്ഷത വഹിച്ചു. പക്വതയാർജ്ജിച്ച, ഗവേഷണ സ്വഭാവമുള്ള പ്രസിദ്ധീകരണമായി ഇൻഡ്യൻ ബ്രദറൺ മാറണമെന്നും എല്ലാ ശബ്ദത്തിനും ചെവികൊടുക്കാതെ സൂക്ഷിക്കണമെന്നും ആദ്ധ്യക്ഷപ്രസംഗത്തിൽ അദ്ദേഹം ഓർമ്മിപ്പിച്ചു.

ഡോ. ഒ.എം. സാമുവേൽ മാസികയുടെ പ്രഥമലക്കം എം.എം. സഖറിയായിൽ നിന്ന് ഏറ്റ് വാങ്ങി. ദൈവവചനത്തിനും സത്യങ്ങൾക്കും അനുസൃതമായി നിലനില്ക്കുവാൻ കഴിയട്ടെ എന്ന് അദ്ദേഹം ആശംസിച്ചു. ആനുകാലിക പ്രസിദ്ധീകരണം ശക്തിയും സ്വാധീനവും എന്ന പ്രബന്ധം ലിജോവർഗ്ഗീസ് പാലമറ്റം അവതരിപ്പിച്ചു.

സി.ററി. ജോണിക്കുട്ടി, കെ.പി. ജോർജ്ജ്, ജോർജ്ജ് പീറ്റർ, എം.വി. ബാബു, ജോർജ് കോശി എന്നിവർ പ്രസംഗിച്ചു. ഒ.റ്റി. ചെറിയാൻ സ്വാഗതവും റ്റി. വർഗ്ഗീസ് നന്ദിയും പ്രകാശിപ്പിച്ചു. പ്രൊഫ. ജേക്കബ് തോമസ് പ്രാരംഭപ്രാർത്ഥനയും എ. ഒ. തോമസ് സമാപന പ്രാർത്ഥനയും നിർവ്വഹിച്ചു. ഒട്ടേറെ വിശ്വാസികളും പ്രവർത്തകരും സമ്മേളനത്തിൽ പങ്കുകൊണ്ടു.

എഡിറ്റോറിയൽ



# ബി.സി.സി.എഫ്: ധാരണപിശകുകൾ ആവശ്യമില്ല

**കേ**രളത്തിലെ ബ്രദറൺ സഭാ പ്രതിനിധികളുടെ ഒരു വിശേഷാൽ സമ്മേളനം കുമ്പനാട്ട് 2010 ഒക്ടേബർ 8ന് നടക്കുകയുണ്ടായി. ബ്രദറൺ സമൂഹത്തിലെ സീനിയർ ഉപദേഷ്ടാക്കൻമാരും കർത്തൃദാസന്മാരും സഭാ പ്രതിനിധികളും സംബന്ധിച്ച ഈ സമ്മേളനത്തിന്റെ ലക്ഷ്യങ്ങൾ അന്നുതന്നെ വ്യക്തമാക്കപ്പെട്ടിരുന്നു. എന്നാൽ ചില മാധ്യമങ്ങൾ തെറ്റിധാരണമൂലം സംശയകരമായ പ്രസ്താവനകൾ ഇതിനോടകം നടത്തിയിട്ടുണ്ട്. ഇവയ്ക്കൊന്നും ബി.സി.സി.എഫ് യാതൊരു മറുപടിയും നൽകിയിട്ടില്ല. ദൈവമക്കൾ തമ്മിലുള്ള വാദപ്രതിവാദങ്ങൾ ഗുണകരമല്ല എന്ന സദ്ദുദ്ദേശത്തിൽ മന:പൂർവ്വം പ്രതികരിക്കാതിരിക്കുകയായിരുന്നു. എന്നാൽ ചില വിശദീകരണങ്ങൾ ദൈവജനത്തെ അറിയിക്കേണ്ട ആവശ്യമുണ്ട്.

നമ്മുടെ പിതാക്കന്മാർ തിരുവചനങ്ങളുടെ അടിസ്ഥാനത്തിൽ കർശനമായി പാലിച്ചു വന്ന പ്രമാണങ്ങളിൽ ഒട്ടും അജ്ഞരല്ല ഈ പ്രവർത്തനത്തിന് മുൻകൈ എടുത്തവർ. സ്ഥലംസഭകളുടെ സ്വാതന്ത്ര്യം ഹനിക്കുകയോ ആഭ്യന്തരകാര്യങ്ങളിൽ ഇടപെടുകയോ ചെയ്യുക എന്നത് ബി. സി. സി. എഫിന്റെ പരിപാടി അല്ല. അങ്ങനെയുള്ള ഇടപടൽ ബ്രദറൺസഭകൾ അംഗികരിക്കുകയില്ല എന്നത് കേവലം സത്യമാണ്. ബ്രദറൺ സഭാചരിത്രവും അത് വ്യക്തമാക്കുന്നുണ്ട്.

ബി.സി.സി.എഫ് നെതിരെയുള്ള ഒരു ആരോപണം സെന്ററുകൾ സ്ഥാപിക്കുന്നു എന്നതാണ്. ഇത് തികച്ചും അസത്യമാണ്. കുമ്പനാട് സമ്മേളനത്തിൽ സംബന്ധിച്ചവർക്ക് അഭിപ്രായ പ്രകടനത്തിന് അവസരം നൽകാൻവേണ്ടി മാത്രം ചെയ്ത ഒരു താത്കാലിക ക്രമീകരണം മാത്രമായിരുന്നു അത്. ഇങ്ങനെ ക്രമീകരണം ചെയ്തതുകൊണ്ടാണ് ചിലസ്ഥലങ്ങളിൽ നിന്നുള്ളവർക്ക് വ്യത്യസ്തമായ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുവാനുള്ള അവസരം ലഭിച്ചത്. അല്ലാത്തപക്ഷം ഈ ന്യൂനപക്ഷങ്ങളുടെ അഭിപ്രായം കേൾക്കപ്പെടുകപോലും ഉണ്ടാകുമായിരുന്നില്ല. ബി.സി.സി.എഫ് എന്ന പേര് സ്വീകരിച്ചതിനെപ്പറ്റിയും ആരോപണങ്ങൾ കേട്ടു. അതിലും യാതൊരു കഴമ്പുമില്ല. നമ്മുടെ മദ്ധ്യത്തിലെ വന്ദ്യവയോധികനായ ഒരു ഉപദേഷ്ടാവിന്റെ അഭിപ്രായംമാനിച്ചാണ് കമ്മറ്റി എന്ന വാക്ക് ഒഴിവാക്കി ഫെലോഷിപ്പ് എന്ന പേര് സ്വീകരിച്ചത്. (വൈ.എം.ഇ.എഫ്. എന്ന പേര് ശ്രദ്ധിക്കുമല്ലോ.) യാതൊരു എതിർപ്പും കൂടാതെ അങ്കമാലിയിൽ കൂടിയ ജനറൽ ബോഡിയോഗം ഈ പേര് സ്വീകരിക്കുകയും ചെയ്തു.

അങ്കമാലിയിലെ സഭ ഒരു പ്രദേശീകപ്രശ്നം അഭിമുഖികരിക്കുന്നുണ്ട്. അതിനു പരിഹാരം ഉണ്ടാക്കുവാനുള്ള പ്രാപ്തി അവിടെയുള്ള സഭയ്ക്കുണ്ട്. അതിൽ ബി.സി.സി.എഫ് ഇടപെടുന്നില്ല. എന്നാൽ ബ്രദറൺ സഭ ഒരു ക്രൈസ്തവ സഭയേ അല്ല എന്ന് അന്നത്തെ ഭരണാധികാരികൾ പ്രസ്താവിച്ചു. ഗവ: ഓർഡർ പുറപ്പെടുവിച്ചതിലെ അന്യായവും അനൗചിത്യവും സഭകൾ ഒന്നുചേർന്ന് അധികാരികളെ ബോദ്ധ്യപ്പെടുത്തി. എതെങ്കിലും പ്രാദേശിക സഭയോ സുവിശേഷകനോ ആവശ്യപ്പെടാതെ അവർ അഭിമുഖീകരിക്കുന്ന ഒരു വിഷയത്തിലും ബി.സി.സി.എഫ് ഇടപെടുകയില്ല.

ബി.സി.സി.എഫ്. ന്റെ പ്രവർത്തന നടത്തിപ്പിന് അങ്കമാലിയിൽ കൂടിയ ജനറൽ ബോഡിയോഗം എക്സിക്യൂട്ടീവ് കമ്മറ്റിയെ തെരഞ്ഞെടുത്തു. തുടർന്നുള്ള കാര്യങ്ങളിൽ ഉപദേശങ്ങൾ നൽകുവാനായി വചനനിശ്ചയവും പക്വതയുമുള്ള സഹോദരന്മാരെ ഉൾപ്പെടുത്തി അഡൈ്വസറി കമ്മറ്റിയും രൂപീകരിച്ചു.

അഡൈ്വസറി ബോർഡിന്റെയും എക്സിക്യൂട്ടീവ് കമ്മറ്റിയുടെയും തീരുമാനപ്രകാരമാണ് ഇന്ത്യൻ ബ്രദറൺ പ്രസിദ്ധീകരിക്കുന്നത്. ഈ മാസിക ബ്രദറൺ സഭയുടെ പൊതുസ്വത്താണ്. വ്യക്തിയുടെ ഇഷ്ടാനിഷ്ടങ്ങൾക്ക് യാതൊരു സ്ഥാനവും ഇതിൽ ഇല്ല.

മാസികാ പ്രസിദ്ധീകരണത്തിന് ബ്രദറൺ സഭയ്ക്ക് പുറത്തുള്ള ഒരു പ്രസ്ഥാനത്തെയും ആശ്രയിക്കുന്നതല്ല. ബി.സി.സി.എഫ് മറ്റ് യാതൊരു സംരംഭങ്ങളും നടത്തുന്നതുമല്ല. സഹോദരി സഹോദരന്മാരുടെ സ്വമേധാ ദാനങ്ങളോ വരിസംഖ്യയോ മാത്രമാണ് ഈ മാസികാ നടത്തിപ്പിന് സഹായം.

സഭകളുടെ ഒരു ഡയറക്ടറിയും സഭകളിൽ സൂക്ഷിക്കേണ്ട ജനന, വിവാഹ, സ്നാന, മരണ വിവരങ്ങൾ അടങ്ങിയ രജിസ്റ്ററും നമുക്ക് ആവശ്യമുണ്ട്. ട്രസ്റ്റ്/സൊസൈറ്റി നിയമമനുസരിച്ച് സഭകൾക്ക് രജിസ്റ്റർ ചെയ്യണമെങ്കിൽ അതിനുള്ള നിയമോപദേശം ബി.സി.സി.എഫ് നല്കും. എക്സിക്യൂട്ടിവ് അംഗങ്ങളുടെയും ഉപദേശകസമിതിയുടെയും അറിവും അനുവാദവും കൂടാതെ യാതൊന്നും ബി.സി.സി.എഫ്. പ്രവർത്തിക്കുന്നതല്ല.

ഇന്റർനെറ്റ്, സോഷ്യൽ നെറ്റുവർക്കുകൾ, മാസികകൾ തുടങ്ങിയ മാദ്ധ്യമങ്ങൾ ഉപയോഗിക്കുന്ന സഹോദരങ്ങളോട് കർതൃനാമത്തിൽ വിനയപൂർവ്വം ഒരപേക്ഷ. പരസ്പരം ചെളിവാരി എറിയൽ നമുക്ക് വേണ്ട; അപവാദം പ്രചരിപ്പിക്കുന്നത് വിശ്വാസികളുടെ മാർഗ്ഗവും അല്ല. സത്യവിരുദ്ധ കാര്യങ്ങൾ പ്രചരിപ്പിച്ചാൽ ഈ പ്രവർത്തനം നിലയ്ക്കുമെന്ന് കരുതരുത്. 1 തെസ്സ. 2: 4–6 ദയവായി പരിശോധിക്കുക. ഈ മുന്നേറ്റത്തെ എതിർക്കുന്ന കൂട്ടു സഹോദരന്മാരോട് ഞങ്ങൾക്കു ബഹുമാനം ഉണ്ട്. വേർപെട്ട ദൈവജനം എന്ന നിലയിൽ ആദരപൂർവ്വം സ്നേഹിക്കയും ചെയ്യുന്നു. കർത്താവിന്റെ വേലയിൽ വർദ്ധിച്ചു വരുവാനുള്ള വിളിയാണ് നമുക്കുള്ളത്. ദൈവത്തിന്റെ പരിശുദ്ധാത്മാവ് അതിനുള്ള കൃപ നൽകുമാറകട്ടെ.

**പി. ഇ. സാംകുട്ടി.**

ഈ മാസത്തേക്ക്....

## സംതൃപ്തി

ഇപ്പോൾ എനിക്കു വേണ്ടുന്നതു എല്ലാം ഉണ്ട്; സമൃദ്ധിയായുമിരിക്കുന്നു; നിങ്ങൾ അയച്ചുതന്നതു സൗരഭ്യവാസനയായി ദൈവത്തിനു പ്രസാദവും സുഗ്രാഹ്യവുമായ യാഗമായി എപ്പഫ്രൊദിത്തോസിന്റെ കയ്യാൽ ഞാൻ പ്രതിഗ്രഹിച്ചു തൃപ്തനായിരിക്കുന്നു. ***ഫിലിപ്പ്യർ. 4: 18.***




# നഷ്ടങ്ങളില്ല, ലാഭമേയുള്ളൂ

**ചൂ**ടും പ്രകാശവും കടന്നുചെല്ലുവാൻ വഴിയില്ലാതവണ്ണം ഇലകളും ശിഖിരങ്ങളുംകൊണ്ട് സമൃദ്ധമായ വൻവൃക്ഷങ്ങൾ വനങ്ങളിൽ പതിവുദൃശ്യമാണ്. അടിക്കാടുകളിൽ ജീവന്റെ തുടിപ്പുപോലും കണ്ടെത്തുവാൻ കഴിഞ്ഞെന്നും വരില്ല. ഒരു സുപ്രഭാതത്തിൽ വൻകാറ്റിൽ കടപുഴകി ഒരു വൃക്ഷപിതാവ് നിലംപതിച്ചു. വൻ വൃക്ഷത്തിന്റെ പതനത്തിൽ വനത്തിന്റെ ദീനരോധനം ദിഗന്തങ്ങളെ നിശ്ചലമാക്കിയിരുന്നു. വൻ നഷ്ടം എന്നു മാത്രം എല്ലാവരും ആത്മഗതം പറഞ്ഞു. നാളെകളുടെ അനിശ്ചിതത്വവും വനാന്തർഭാഗത്ത് നിലനിന്നു. എന്നാൽ അനുഭവങ്ങൾ മാറി മറഞ്ഞു.

> വർണ്ണവൈവിധ്യങ്ങളുടെ സംഗമവേദിയായി അവിടം രൂപമാറ്റം നേടുന്നു. പക്ഷികളും തേനീച്ചക്കൂട്ടവും സന്ദർശകഭൂമിയായി ആ മണ്ണിനെ തെരഞ്ഞെടുക്കുന്നു. തേനും സൗന്ദര്യവും നിറങ്ങളുടെ ചാരുതയും വനാന്തർഭാഗത്ത് പുതിയ സംഗീതം രചിക്കുന്നു.

മതിൽകെട്ടി മറച്ചുനിന്ന സൂര്യപ്രകാശം പൊടുന്നനവേ ആ പ്രദേശമാകെ വെളിച്ചവും ചൂടും സമ്മാനിക്കുകയായി. അന്നുവരെ മരണത്തിലോ ഉറക്കത്തിലോ ആയിരുന്ന വിത്തുകൾ ജീവൻ പ്രാപിക്കുകയോ ഉണരുകയോ ചെയ്യുന്നു. നാളുകൾ അല്പം പിന്നിടുന്നതോടെ വസന്തത്തെ ആവേശപൂർവ്വം അവ സ്വാഗതം ചെയ്യുന്നു. വർണ്ണവൈവിധ്യങ്ങളുടെ സംഗമവേദിയായി അവിടം രൂപമാറ്റം നേടുന്നു. പക്ഷികളും തേനീച്ചക്കൂട്ടവും സന്ദർശകഭൂമിയായി ആ മണ്ണിനെ തെരഞ്ഞെടുക്കുന്നു. തേനും സൗന്ദര്യവും നിറങ്ങളുടെ ചാരുതയും വനാന്തർഭാഗത്ത് പുതിയ സംഗീതം രചിക്കുന്നു.

ജീവിതയാത്രയിൽ സമാനമായ ശൂന്യതാബോധം ഭരിക്കപ്പെടുന്ന അവസരങ്ങൾ ധാരാളം ഉണ്ടായെന്നു വരാം. ജീവിതപങ്കാളികളുടെ വേർപാട്, കഠിനരോഗങ്ങൾ, അത്യാഹിതങ്ങൾ, ആഘാതങ്ങൾ, പരാജയം, നഷ്ടങ്ങൾ, അപമാനം, വിമർശമങ്ങൾ ഇവയെല്ലാം വലിയ നഷ്ടങ്ങളും ഹൃദയത്തിൽ ശൂന്യതയും നൽകാം. എല്ലാം അവസാനിച്ചു എന്ന് ചിന്തിച്ച് ഉറപ്പിക്കുകയും ചെയ്തേക്കാം.

എന്നാൽ ആ ശൂന്യതയിലേക്ക് ദൈവം അയയ്ക്കുന്ന വെള്ളിവെളിച്ചം കരുത്തും വളർച്ചയും സമ്മാനിക്കുന്നു. പ്രതീക്ഷകൾ നൽകുന്നു. നഷ്ടം പരിഹരിക്കാവാനും വിടവ് നികത്തുവാനും ആരും ഇല്ല എന്നു ചിന്തിച്ച സ്ഥാനത്ത് ചിലരെ പകരം എഴുന്നേൽപ്പിക്കുന്നു. ഹൃദയകാലുഷ്യവും മത്സരചിന്തകളും കാറ്റിൽ മഞ്ഞ് ഓടിയകലുംപോലെ അതിർത്തി കടക്കുന്നു.

കൃഷിക്കാരന്റെ ക്ഷമ അപാരം തന്നെ. ഒരുക്കിയ വയലിൽ വിത്തെറിഞ്ഞ് അയാൾ കാത്തിരിക്കുന്നു. രാവും പകലും ഉറക്കമിളയ്ക്കുന്നു. വിത്തിന്റെ വളർച്ചയും ഫലം കായ്ക്കലും എല്ലാം സ്വപ്നം കാണുന്നു. കാത്തിരിപ്പിന്റെ ദൈർഘ്യം വർദ്ധിക്കുന്നു. മഴയും മഞ്ഞും വേനലും എല്ലാം അവന്റെ മുന്നിലൂടെ സാവധാനം നടന്നു നീങ്ങുന്നു.



ഒടുവിൽ സുഗന്ധമുള്ള ഒരു കാറ്റ് അവനെ തേടിയെത്തുന്നു; ആശ്ലേഷിക്കുന്നു. ഫലമണിഞ്ഞ വയലയിൽ നിന്നും സ്വാഗതമോതിയെത്തിയതാണ് ആ മന്ദമാരുതൻ. വയലിലെത്തിയ കൃഷിക്കാരൻ ആദ്യം കണ്ടത് ദൈവത്തെയാണ്. അവിടുത്തെ കരുതലിലാണ് ഈ വയൽ നിലനിന്നത്. ആ വിത്ത് വളർന്നത്. ഇപ്പോൾ ഫലം നൽകിയതും.



## കത്തുകൾ പ്രതികരണങ്ങൾ

### തുടക്കം നന്നായി

പത്രാധിപർക്ക്,

ആദ്യലക്കം ഇൻഡ്യൻ ബ്രദറൺ ലഭിച്ചു. ശിശു ജനനത്തിങ്കൽ സുന്ദരനായിരുന്നു എന്ന വചനം പോലെ തുടക്കം സൗന്ദര്യമുള്ളതു തന്നെ. ഈ മികവു ചോരാതെ നിലനിൽക്കട്ടെ. സത്യസന്ധമായ റിപ്പോർട്ടുകൾ തുടരുക. ആശംസകൾ....

*ജയിസൻ ജോസഫ്, എറണാകുളം.*

### സാക്ഷ്യപത്രം

അടുത്ത സമയത്ത് ഇറങ്ങിയ ഇൻഡ്യൻ ബ്രദറൺ കാണുവാനിടയായി. വളരെ നല്ല കെട്ടിലും മട്ടിലും അണിയിച്ചൊരുക്കിയ നവാഗതന് ആശംസകൾ! നമ്മുടെ മദ്ധ്യത്തിൽ ഇനിയും പ്രസിദ്ധീകരണങ്ങൾ ഉണ്ടാവണം. ഇതിൽ സന്തോഷിക്കുന്ന വ്യക്തിയാണ് ഈയുള്ളവൻ. അക്ഷരങ്ങളുടെ വ്യാപ്തി ആത്മാക്കളുടെ രക്ഷയ്ക്ക് മുഖാന്തരമാവണം.

*സി.വി. വടവന, തിരുവല്ല.*

### മുടങ്ങാതെ പ്രസിദ്ധീകരിക്കണം

പത്രാധിപർക്ക്,

പല മാസികകളും ലഭിക്കുന്നുണ്ട്. ഇന്ത്യൻ ബ്രദറൺ അവയിൽ ഒന്നെന്നേ കരുതിയുള്ളു. ഉള്ളടക്കവും അവതരണവും വളരെ മെച്ചം തന്നെ. ഈ സ്ഥിതി തുടരണം. പുതിയ എഴുത്തുകാരെ പ്രോത്സാഹിപ്പിക്കണം. മുടങ്ങാതെ പ്രസിദ്ധീകരിക്കുവാൻ ദൈവം സഹായിക്കട്ടെ.

*ബിജു ഏബ്രഹാം, ചാമംപതാൽ*

### പുതുതലമുറയ്ക്ക് പ്രയോജനം

പതിവുശൈലി വിട്ട് ഇംഗ്ലീഷിന് ഒരു പേജ് നീക്കിവച്ചതിൽ സന്തോഷം. വളർന്നു വരുന്ന പുതിയ തലമുറയ്ക്ക് ഈ രീതി പ്രയോജനപ്പെടും.

*ജിജോ ജേക്കബ്, ബാംഗ്ലൂർ.*

### സത്യത്തിനുവേണ്ടി നില്ക്കുക

സർ, മാസിക കെട്ടിലും മട്ടിലും ഗംഭീരം. തുടക്കക്കാരെന്നു പറയില്ല അണിയറയിൽ. ഭാവുകങ്ങൾ. കുമ്പനാടു സമ്മേളനത്തെക്കുറിച്ച് പരന്ന തെറ്റിദ്ധാരണകൾ മാറി. സത്യത്തിനുവേണ്ടി മാത്രം ഉള്ള പ്രസിദ്ധീകരണമാകട്ടെ.

*എബിൻ തോമസ്. ചെന്നൈ*

### സങ്കടങ്ങളുടെ മഹാപ്രഭു മികച്ച ലേഖനം

സഹോദരന്മാർക്ക്,

ആൽഫാ ഗ്ലോറിയസിന്റെ സങ്കടങ്ങളുടെ മഹാപ്രഭു ഏറ്റവും മികച്ച ലേഖനമായിരുന്നു. എല്ലാ കർതൃദിവസവും ക്രിസ്തുധ്യാനം നടത്തുന്നുണ്ടെങ്കിലും ഇത്ര ആഴമായ ആശയങ്ങൾ കണ്ടെത്തിയ ലേഖനകാരന് അഭിനന്ദനം. വ്യത്യസ്ത വീക്ഷണങ്ങളോടെയുള്ള ലേഖനങ്ങൾ തുടർന്നും പ്രതീക്ഷിക്കുന്നു.

*ജോർജ്ജ് ഫിലിപ്പ്, കൊല്ലം*

### അഭിനന്ദനങ്ങൾ

പത്രാധിപർക്ക്, വന്ദനം.

കെട്ടിലും മട്ടിലും എറെ നന്നായിരിക്കുന്നു. ലേഖനങ്ങളും മികച്ച നിലവാരം പുലർത്തിയിട്ടുണ്ട്. അഭിന്ദനങ്ങൾ. എഡിറ്റോറിയൽ ബോർഡും ഉപദേശകസമിതിയും ഈ നല്ല മുന്നേറ്റത്തിന് ധാരാളം. വ്യത്യസ്തത പുലർത്തുന്ന ഒന്നായിയിരിക്കുന്നതിൽ അണിയറ പ്രവർത്തകർക്ക് പ്രാർത്ഥനാപൂർവ്വം അഭിനന്ദനങ്ങൾ.

*ജിജോ അങ്കമാലി, ബഹറിൻ*

### അസൂയയുടെ ലോകം

പത്രാധിപർക്ക്,

ചാണ്ടപ്പിള്ള ഫിലിപ്പിന്റെ ശത്രുവിനെതിരെ വിജയം എന്ന ധ്യാനം ഏറെ ചിന്തിപ്പിച്ചു. അസൂയാലുക്കളുടെ ലോകത്ത് വേറിട്ട ചിന്ത നല്കിയ ഇൻഡ്യൻ ബ്രദറൺ അഭിനന്ദനം അർഹിക്കുന്നു.

*സാലി ജോർജ്ജ്, കൊട്ടാരക്കര*


EDITORIAL BOARD
P. E. Samkutty
**(Chief Editor)**
C. T. Johnykutty
(**Editor**, Malayalam Division)
Dr. Johnson C. Philip
(**Editor**, English Division)
Lijo Angamaly
V. M. John
Varkey George
**(Treasurer)**
ADVISORY BOARD
M. M. Zachariah
Prof. P. P. Skariah
M. A. Joy
Chandapilla Philip
M. M. Andrews
K. A. Phillip
K. P. George
Thomas Chandy
Prof. Jacob Thomas
V. K. Mathew
P. P. Mathew
M. P. Godly
Silas C. Nair
V. Kuriakose
P. P. George
A. O. Thomas
C. P. Aniyan
K. V. Isaac
**REPRESENTATIVES**
Samuel Thomas, Abu Dhabi
Tiji Thomas, Sharjah



കെ. എ. ഫിലിപ്പ്

എന്റെ ജീവിതത്തിന്റെ ആകെത്തുക സമം ക്രിസ്തു എന്നു പറയുമ്പാൾ അനുദിന ജീവിതത്തിൽ ചെയ്യുന്ന ഓരോ കാര്യത്തോടും സമം ക്രിസ്തു എന്ന് പറയേണ്ടിയിരിക്കുന്നു. അതായത് നാം സാധാരണ ഭക്തിപരമായിചെയ്യുന്ന കാര്യങ്ങൾക്കുപുറമെ ഞാൻ കൃഷി ചെയ്യുന്നത് സമം ക്രിസ്തു. ഞാൻ സ്കൂളിൽ പോകുന്നത് സമം ക്രിസ്തു. എന്നിങ്ങനെ ഏത് പ്രവർത്തിയെക്കുറിച്ചും പറയുവാൻ കഴിയണം.

# പൗലോസിന്റെ ജീവിതദർശനം



യിസ്രയേൽ ജാതിക്കാരനും ഒരു പരിശീലകനുമായ പൗലോസിന്റെ ജീവിതം യിസ്രയേലിന്റെ പ്രത്യാശയുടെ കേന്ദ്രബിന്ദുവായ മശിഹായുമായി അഭേദ്യമായി ബന്ധപ്പെട്ടിരുന്നു. അടിമത്വത്തിന്റെ ബന്ധനങ്ങളിൽ നിന്നും യിസ്രയേലിനെ മോചിപ്പിക്കുന്ന ശക്തനായ ഒരു രാജാവിന്റെ ആഗമനമായിരുന്നു എല്ലാ യഹൂദന്മാരുടെയും പ്രതീക്ഷ. തിരുവെഴുത്തുകളിൽ അവഗാഹം നേടുകയും അതിലെ സത്യങ്ങൾ ഉൾക്കൊള്ളുകയും ചെയ്ത പൗലോസ് ഈ മിശിഹായ്ക്കുവേണ്ടി അത്യാകാംക്ഷയോടെ കാത്തിരിക്കുകയായിരുന്നു. മിശിഹാ എങ്ങനെയായിരിക്കുമെന്ന് പൗലോസിന് തന്റേതായ ധാരണയുണ്ടായിരുന്നു. യിസ്രായേലിന്റെ ശത്രുക്കളെ തച്ചുടച്ച് യരുശലേം കേന്ദ്രമാക്കി ഒരു രാജ്യം സ്ഥാപിക്കുന്ന ഒരു മഹാരാജാവായിരുന്നു പൗലോസിന്റെ മശിഹാ അഥവാ ക്രിസ്തു. എന്നാൽ ദമാസ്ക്കോസ് റോഡിലെ അനുഭവം ആ ധാരണയ്ക്ക് മാറ്റം വരുത്തി. ക്രിസ്തുവിനെ ജഡപ്രകാരം അറിഞ്ഞു എങ്കിലും ഇനിമേൽ അങ്ങനെ അറിയുന്നില്ല. (2 കൊരി.5:16) എന്നു പൗലോസ് കൊരിന്ത്യരോട് പറയുന്നതിന്റെ അർത്ഥം അതാണ്. ക്രിസ്തുവിനെപ്പറ്റിയുള്ള ഈ പൂർവ്വ ധാരണയാണ് നസ്രായനായ യേശുവിനെ വെറുക്കുവാനും ക്രിസ്ത്യാനികളെ പീഡിപ്പിക്കുവാനും പൗലോസിനെ പ്രേരിപ്പിച്ചത്.

ദമസ്ക്കോസ് പടിവാതിലിലെ ദർശനം പൗലോസിന് പുതിയ അറിവും അനുഭവും നൽകി. നസ്രായനായ യേശു ഉയിർത്തെഴുന്നേറ്റിരിക്കുന്നു. അതിന്റെ അർത്ഥം യേശു ദൈവപുത്രനും രക്ഷിതാവും ക്രിസ്തുവും കർത്താവും തന്നെ എന്നാണ്. പ്രവാചകന്മാർ പറഞ്ഞിരുന്ന പീഡ സഹിച്ചു മരിക്കുന്ന രക്ഷിതാവും. യേശു ഒരു ദേശീയ രക്ഷകനെന്നതിനെക്കാൾ വ്യക്തിരക്ഷകനാണെന്ന പുതിയ അറിവുണ്ടായപ്പോൾ ആ രക്ഷകൻ വ്യക്തിജീവിതത്തിന്റെ കർത്താവും ഉടമസ്ഥനുമാണെന്നുകൂടി ബോധ്യമായി. അതായത് ജീവിതം സമ്പൂർണ്ണമായി യേശുക്രിസ്തുവിന് സമർപ്പിക്കണം എന്ന ബോധ്യം. ആ അടിമത്തത്തിലാണ് യാഥാർത്ഥ മോചനം എന്ന് പൗലോസിനു മനസ്സിലായി. മിശിഹാ സ്ഥാപിക്കുന്ന രാജ്യം ഐഹികമല്ല, ആത്മീയമാണ് എന്നും അത് യഹൂദനു മാത്രമല്ല സർവ്വലോകത്തിനുമായിട്ടാണെന്നും പൗലോസ് ഗ്രഹിച്ചു.

ഒരു വ്യക്തി ഇങ്ങനെ യേശുക്രിസ്തുവിനെ കർത്താവായി അംഗീകരിക്കുമ്പോൾ ആ വ്യക്തി താത്വികമായി ക്രിസ്തുവിൽ ആകുകയും ഒരു പുതിയ സൃഷ്ടിയായിത്തീരുകയും ചെയ്യുന്നു (2 കൊരി. 5:17). അതുപോലെതന്നെ ആ വ്യക്തിയിൽ യേശുക്രിസ്തു ആവഹിക്കുകയുമായി(കൊലോ1:27). ഈ ദിവ്യസാത്വികസംയോജനം അത്യന്തം നിഗൂഢവും ഉദാത്തവുമാണ്.

പൗലോസിനെ സംബന്ധിച്ച് ഈ പരിവർത്തനം അനുദിന ജീവിതത്തോട് അഭേദ്യമായി ബന്ധപ്പെട്ടതാണ്. ഇനി ജീവിക്കുന്നത് ഞാനല്ല ക്രിസ്തു അത്രേ എന്നിൽ ജീവിക്കുന്നത് (ഗലാ2:20)എന്ന അവസ്ഥയോളമായി അത്. ക്രിസ്തുവിനുവേണ്ടി ജീവിക്കുക, ക്രിസ്തുവിനോട് ബന്ധപ്പെട്ടു ജീവിക്കുക എന്നൊന്നും പറഞ്ഞാൽ ഈ നവജീവിതത്തിന്റെ ശരിയായ സ്വഭാവം ആകുന്നില്ല. അതൊക്കെ അതിന്റെ പാർശ്വഫലങ്ങൾ മാത്രമാണ്. കിസ്തു എന്നിൽ ജീവിക്കുന്നതാണ് എന്റെ ജീവിതം എന്നാണ് പൗലോസ് പറയുന്നത്. ഇതിന്റെയൊക്കെ വെളിച്ചത്തിൽ പൗലോസ് ഒരു നവജീവിതത്തിന്റെ സമവാക്യം കണ്ടെത്തിയിരിക്കുന്നു. അതാകട്ടെ തികച്ചും സാന്ദർഭികമായി ഒരു കത്തിലാണ് പൗലോസ് വെളിപ്പെടുത്തിയിരിക്കുന്നത്. എനിക്ക് ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നത് ലാഭവുമാകുന്നു (ഫിലി 1:21) എന്നാണ് അദ്ദേഹം ഫിലിപ്യരോട് പറയുന്നത്.

മതങ്ങളുടെയും തത്വശാസ്ത്രങ്ങളുടെയും ചരിത്രത്തിൽ മറ്റാർക്കും നൽകാൻ കഴിഞ്ഞിട്ടില്ലാത്ത ഒരു ജീവിത നിർവചനമാണിത്. ജീവിതത്തെപ്പറ്റി ചിന്തിച്ചിട്ടുള്ള മഹാന്മാരൊക്കെ അതിൽ ഏതെങ്കിലും ഒരു വശത്തെപ്പറ്റിമാത്രമേ പറഞ്ഞുവെച്ചിട്ടുള്ളു. ഒന്നുകിൽ അതിന്റെ നൈമിഷിക, അല്ലെങ്കിൽ അതിന്റെ ദുരിതാവസ്ഥകൾ. ഏറിപ്പോയാൽ അതിന്റെ സംസ്കാരിക മഹത്വം. എന്നാൽ അതിന്റെ സനാതനവും മൗലികവുമായ ഭാവങ്ങളെ ദൈനംദിന ജീവിതവുമായി നെയ്തുചേർത്തുള്ള ഒരു അർത്ഥകല്പന ഇമ്മാതിരിയിൽ മറ്റാരും ചെയ്തിട്ടില്ല.

ഈ നിർവചനത്തെ അല്പം സൂക്ഷ്മമായി പരിശോധിക്കാം. എന്നെ സംബന്ധിച്ച് എന്റെ അനുദിനജീവിതം എന്നുവെച്ചാൽ ക്രിസ്തു എന്നാണ് അർത്ഥം For me to live is Christ. ഇതാണ് നിർവചനത്തിന്റെ ആദ്യ ഭാഗം. എന്നുവെച്ചാൽ ഞാൻ ജീവിക്കുന്നത് = ക്രിസ്തു. അതിസാഹസികതയും അതിശക്തമായ വെല്ലുവിളിയും ഉൾക്കൊള്ളുന്നതാണീ നിർവചനം. എന്റെ ജീവിതത്തിന്റെ ആകെത്തുക സമം ക്രിസ്തു എന്നു പറയുമ്പാൾ അനുദിന ജീവിതത്തിൽ ചെയ്യുന്ന ഓരോ കാര്യത്തോടും സമം ക്രിസ്തു എന്ന് പറയേണ്ടിയിരിക്കുന്നു. അതായത് നാം സാധാരണ ഭക്തിപരമായിചെയ്യുന്ന കാര്യങ്ങൾക്കുപുറമെ ഞാൻ കൃഷി ചെയ്യുന്നത് സമം ക്രിസ്തു. ഞാൻ സ്കൂളിൽ പോകുന്നത് സമം ക്രിസ്തു. എന്നിങ്ങനെ ഏത് പ്രവർത്തിയെക്കുറിച്ചും പറയുവാൻ കഴിയണം. അതാണ് പൗലോസിന്റെ ജീവിത വീക്ഷണം. ഈ ജീവിത നിർവചനം തികച്ചും സന്തുലിതമാണ്. അതായത് ഏതെങ്കിലും ഒരു ഭാഗത്തു മാത്രം അർത്ഥഭാരം തൂങ്ങി വീണുടയുന്ന ഒന്നല്ല. ഭൗതിക ജീവിതത്തിന്റെ അനിവാര്യപര്യവസാനമായ മരണം എന്ന അസുഖപ്രതിഭാസത്തെക്കൂടി ഉൾക്കൊണ്ടുകൊണ്ടാണ് ഈ നിർവചനം നിൽക്കുന്നത്.

മരണത്തെ കണ്ടില്ല എന്നുവച്ചു ചിലരും, മരണത്തെ മാത്രം കണ്ടുകൊണ്ട് മറ്റു ചിലരും ജീവിതത്തെ നിർവ്വചിച്ചിട്ടുണ്ട്. എന്നാൽ ഇവ രണ്ടിനെയും സമന്വയിപ്പിച്ച് ഒരു നിർവ്വചനം തരാൻ പൗലൊസിനുമാത്രമേ കഴിഞ്ഞിട്ടുള്ളു. "എനിക്ക് മരിക്കുന്നതു ലാഭം" എന്ന് ഈ ദാർശനികൻ അഭിപ്രായപ്പെടുന്നു. ഒരു സ്വപ്നജീവിയുടെ മിഥ്യാ പ്രതീക്ഷയിൽനിന്നല്ല, ഒരു കർമ്മയോഗിയുടെ സത്യാധിഷ്ഠിത ബോധ്യത്തിൽനിന്ന് മുഴങ്ങിക്കേൾക്കുന്നതാണ് ഈ പ്രഖ്യാപനം എന്നു അടുത്തു പറയുന്ന വാക്കുകളിൽനിന്നും മനസ്സിലാക്കാം. "വിട്ടു പിരിഞ്ഞു ക്രിസ്തുവിനോടുകൂടെ ഇരിക്കുവാൻ എനിക്ക കാംക്ഷയുണ്ട്. അത് അത്യുത്തമമല്ലോ" (ഫിലി. 1: 23). മരണത്തിന്റെ ലാഭവശം അവിടെയാണ് സ്ഥിതി ചെയ്യുന്നത്. മരണം ഒരു വിട്ടുപിരിയലാണ്, ഇഹത്തിൽനിന്ന് പരത്തിലേക്ക്. പരത്തിൽ എന്ന് വച്ചാൽ ക്രിസ്തുവിനോടുകൂടെ എന്നർത്ഥം.

ശേഷം പേജ് 7ൽ

ഈ മാസത്തേക്ക്...

സി. റ്റി. ജോണിക്കുട്ടി

# ദൈവഹിതത്തിന്റെ അധികാരങ്ങൾ




നാല്പത് ലക്ഷത്തോളം അംഗങ്ങളുള്ള സീറോ മലബാർ കത്തോലിക്ക വിശ്വാസികൾക്ക് പുതിയ ഇടയനെ തിരഞ്ഞെടുത്തു. സഭാനേതൃത്വത്തിലുള്ള 47 ബിഷപ്പുമാർ ചേർന്നാണ് മാർ ജോർജ്ജ് ആലഞ്ചേരിയെ മേജർ ആർച്ച് ബിഷപ്പായി തിരഞ്ഞെടുത്തത്.

കേരള സംസ്ഥാനത്തിൽ മെയ് 13ന് നിലവിൽ വന്ന പുതിയ നിയമസഭയുടെ ഭരണ സ്ഥിരീകരണത്തിൽ ഉടലെടുത്ത സംഭവവികാസങ്ങൾ ഇതോടൊപ്പം ചേർത്ത് വായിക്കേണ്ടതാണ്.

അധികാരം കൈപ്പിടിയിലൊതുക്കുവാൻ ഏതറ്റംവരെ പോകുവാനും മടിക്കാത്ത ഒരു സമൂഹമായി നാം മാറിയിരിക്കുന്നു. ഏതു കുത്സിതമാർഗ്ഗവും അതിന് അവലംബിക്കുവാൻ മനുഷ്യർ തയ്യാറാകുന്നു. മന്ത്രിസഭാ രൂപീകരണത്തിൽ നടന്ന പരിപാടികൾ ശ്രദ്ധിച്ചാൽ ഈ സത്യം മനസ്സിലാകും.

ഒരു സമൂഹത്തിന്റെ നിലനില്പിനു പിന്നിൽ ഐക്യത ഏറെ അനിവാര്യമാണ്. ഭിന്നത മുന്നേറ്റത്തെ തടയുക തന്നെ ചെയ്യും. ആത്മാവിന്റെ ഐക്യത സമാധാന ബന്ധത്തിൽ സൂക്ഷിക്കുവാൻ സെന്റ് പോൾ വിശ്വാസികൾക്ക് പ്രബോധനം നല്കുന്നുണ്ട്. മതിലിന്മേൽ ചിതറിയിരിക്കുന്ന അനുഭവമല്ല മറിച്ച് നല്ല വേലയ്ക്ക് ഒക്കെയും അന്യോന്യം ധൈര്യപ്പെടുത്തുന്ന സ്ഥിതിവിശേഷമാണ് ഉണ്ടാകേണ്ടത്.

സ്വാർത്ഥ ചിന്തകളും മോഹങ്ങളും മനസ്സിനെ സ്വാധീനിക്കുംതോറും പിന്നിലേക്ക് പോകുവാൻ ആർക്കും കഴിഞ്ഞെന്നു വരില്ല. ഫോട്ടോഗ്രാഫിനുവേണ്ടി ഇടിച്ചുകയറി മുന്നിലെത്തുന്നവരെ നാം കണ്ടിട്ടുണ്ട്. ശിശുക്കൾ ഇതിൽ ഉത്സാഹികളാണ്. തങ്ങൾ എന്ന ചിന്ത മാത്രമേ അവരിൽ വളരുന്നുള്ളു.

ഒരു ശരീരത്തിലെ അവയവങ്ങൾ വിഭാവന ചെയ്തിട്ടുള്ളത് അതിന്റെ ആരോഗ്യകരമായ നിലനില്പിന് ഉതകുംവിധമാണ്. നിലവിലുള്ളതിൽനിന്നും വ്യത്യസ്തമായ എണ്ണം പാടില്ല. ആകൃതിയിൽ വ്യത്യാസം പാടില്ല. സ്ഥാനമാറ്റം പാടില്ല. ആന്തരിക അവയവങ്ങൾ ശരീരത്തിന് പുറത്ത് പ്രദർശിപ്പിക്കപ്പെട്ടുകൂടാ. ബാഹ്യാവയവങ്ങൾ ഉള്ളിലേക്ക് വലിയാനും സ്രഷ്ടാവ് ആഗ്രഹിക്കുന്നില്ല.

നിലനില്പിന് അനിവാര്യമായത് എന്തെന്ന് ആഴമായ ധ്യാനത്തിലൂടെയും സ്വയവിചിന്തനത്തിലൂടെയും കണ്ടെത്തുവാൻ ആവശ്യമുണ്ട്. ബിഷോപ്പുമാർ മൂന്നു ദിവസം ശാന്തമായ ധ്യാനത്തിനും പ്രാർത്ഥനയ്ക്കും തയ്യാറായി എന്ന് റിപ്പോർട്ട് ചെയ്യുന്നു. അവരുടെ ഭാവിയുടെ ചിന്തകൾക്ക് അപ്പുറമായി സ്വന്തം സമുദായത്തിന്റെ ക്ഷേമമാണ് അവർ ധ്യാനത്തിലൂടെ കണ്ടെത്തിയതെന്നു തോന്നുന്നു.

യേശുനാഥൻ തന്റെ പ്രസിദ്ധ ഗിരിപ്രഭാഷണത്തിലൂടെ നിലനിന്ന ഒരു ഭവനത്തെപ്പറ്റി ഒടുവിലായി പരാമർശിക്കുന്നുണ്ട്. എന്റെ ഈ വചനങ്ങളെ കേട്ടു ചെയ്യുന്നവന്റെ ജീവിതമായി അത് യേശു വെളിപ്പെടുത്തുന്നു. ആ ഗൃഹനിർമ്മിതിയിൽ ആഴത്തിൽ കുഴിക്കുന്ന, പാറമേൽ അടിസ്ഥാനമിടുന്ന, വീണ്ടുവിചാരമുള്ള ഒരുവനെ നാം കണ്ടെത്തുന്നു.

ഏതൊരു ഗൃഹത്തിന്റെയും സമൂഹത്തിന്റെയും സംഘടനയുടെയും നിലനില്പിനുപിന്നിൽ പാറപോലെ ഉറപ്പുള്ള ധ്യാനവും ബോധ്യവും ജ്ഞാനവും തീരുമാനങ്ങളും ആവശ്യമുണ്ട്. ക്രിസ്തുകേന്ദ്രീകൃതമായ ജീവിതങ്ങൾക്ക് കൈവരുന്ന നന്മയും നിലനില്പും അത്ഭുതകരമാണ്.

മനുഷ്യർ മാറിമറിയുന്നവരാണ്. ക്ഷണികരാണ്. വൈകുന്നേരം അരിഞ്ഞ വാടിപ്പോകുന്ന പുല്ലുകൾക്ക് സമാനമാണ്. തലമുറകൾ പോകുന്നു, തലമുറകൾ വരുന്നു. ദൈവത്തിന്റെ അടിസ്ഥാനം മാത്രം നിലനിൽക്കുന്നു.

സ്വന്തംപേരിൽ ഒരു ചരിത്രം എഴുതിചേർക്കുവാൻ ദൈവം പദ്ധതിയിട്ടുണ്ടെങ്കിൽ അവിടുന്ന് അത് നിർവ്വഹിക്കും. ദാവീദിനെ ആടുകളുടെ ഇടയിൽനിന്നും രാജസിംഹാസനത്തിൽ എത്തിച്ചത് ദൈവമാണ്. ശൗലിനെ പൗലൊസാക്കി മാറ്റിയതും ലോകത്തിൽ ക്രിസ്തുവിനെ വെളിപ്പെടുത്തുവാൻ ഉപയോഗപ്പെടുത്തിയതും ദൈവം തന്നെയാണ്.

ലോകസ്ഥാപനത്തിനു മുൻപ് നമ്മെ ക്രിസ്തുവിൽ തെരഞ്ഞെടുത്തിരിക്കുന്നു എന്നത് സത്യമെങ്കിൽ നമ്മെക്കുറിച്ചുള്ള പദ്ധതികളും അവിടുന്ന തയ്യാറാക്കി വച്ചിരിക്കുന്നു. അബ്ശാലോമിന്റെ കപടചിന്തകളും കുത്സിതമാർഗ്ഗങ്ങളും ഹീനമായ ദുരന്തപര്യവസാനിയാകുവാനേ ഉപകരിക്കു. സൗമ്യവും സത്യസന്ധവുമായ, വിധേയത്വമുള്ള, ദൈവഹിതം നിമിഷംപ്രതി അന്വേഷിച്ചുള്ള, വചനസത്യങ്ങളെ മുൻനിർത്തിയുള്ള, ദൈവപ്രസാദം നേടുവാൻ നമ്മെ സഹായിക്കുന്ന ഒരു ജീവിതത്തിനായി ആത്മാർത്ഥമായി നമുക്ക് ആഗ്രഹിക്കാം. മറിച്ചുള്ളതെല്ലാം എക്കാലവും നമ്മെ അസ്വസ്തപ്പെടുത്തിക്കൊണ്ടിരിക്കും.

*അനുഭവങ്ങൾ ഒന്നും നിഷ്ഫലങ്ങളല്ലെന്ന് ചരിത്രത്തിൽനിന്നും തെളിവു നിരത്തി....*

*ഒരു ബാലനും അവഗണിക്കപ്പെടരുതെന്ന മുന്നറിയിപ്പിന്റെ സന്ദേശവുമായി....*

*ഏതു വിത്തും നൂറുമേനിയായി വിളവേകും എന്ന പാഠം പങ്കുവച്ചുകൊണ്ട്....*

*ഒരു മിഷനറി കുടുംബത്തിന്റെ കണ്ണീരിൽ കുതിർന്ന അനുഭവങ്ങളിലൂടെ....*

*ഹൃദയങ്ങളെ നൊമ്പരപ്പെടുത്തുന്ന, കണ്ണുകൾ ഈറനണിയിക്കുന്ന, ഒരു സുവിശേഷ കുടുംബത്തിന്റെ കഥ....*

# ഫലമേകിയ വചനവിത്തുകൾ



ഡോ. മാത്യൂ വർഗ്ഗീസ്



ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപാദം. യൂറോപ്പിലും അമേരിക്കയിലുമെല്ലാം ഉണർവ്വിന്റെ കാറ്റ് ആഞ്ഞടിക്കുന്ന കാലം. അനേക യുവജനങ്ങൾ സുഖലോലുപതയും സ്വസ്ഥജീവിതവും ഉപേക്ഷിച്ചുകൊണ്ടു, ക്രൂശുചുമന്ന കർത്താവിനുവേണ്ടി, ക്രിസ്തുവിൻ നിന്ദ വലിയധനം എന്നു എണ്ണിക്കൊണ്ട് ഏഷ്യാ വൻകരയുടെ പലഭാഗങ്ങളിലും ഇരുളടഞ്ഞ ഭൂഖണ്ഡമായിരുന്ന ആഫ്രിക്കയിലുമെല്ലാം സുവിശേഷപ്രചരണാർത്ഥം പൊയ്ക്കൊണ്ടിരിക്കുന്ന കാലം.

സ്വീഡൻ നിവാസികളായ ഡേവിഡിനും സ്വേയാക്കും (David and Svea Flood) കർത്താവിന്റെ വിളിയുണ്ടായത് ആഫ്രിക്കയുടെ ഹൃദയഭാഗത്തുള്ള ബെൽജിയൻ കോംഗോയിലേക്കാണ്. ആ വിളി കേട്ടമാത്രയിൽ, മറ്റൊന്നും ആലോചിക്കാതെ, അവർ പുറപ്പെട്ടു.

കർത്താവിന്റെ വിളി ചെവിക്കൊണ്ട മറ്റൊരു യുവകുടുംബമായിരുന്നു എറിക്സൻ ദമ്പതികൾ. ഈ രണ്ടു കുടുംബങ്ങളും ചേർന്ന് ബെൽജിയൻ കോംഗോയിൽ പ്രവർത്തിക്കാൻ തീരുമാനമെടുത്തു.

പ്രധാന പട്ടണത്തിൽ താമസിച്ചുകൊണ്ടു ഗ്രാമങ്ങളിൽ പോയി പ്രവർത്തിക്കുകയാണ് മിഷനറിമാരുടെ അന്നത്തെ പതിവു. ഈ നാൽവർ സംഘം പതിവുകൾ ലംഘിച്ചു കൊണ്ടു ജീവൻ തന്നെ പണയം വെച്ചുകൊണ്ടു വനത്തിന്റെ ഉള്ളിലുള്ള ൻഡോലെരാ (NDolera) ഗ്രാമത്തിൽ താമസിക്കുവാൻ ആഗ്രഹിച്ചു. ഗ്രാമത്തിലവൻ അതിന് അനുവാദം കൊടുത്തില്ല. അവരുടെ ദേവതകൾക്ക് അതിഷ്ടപ്പെട്ടില്ലെങ്കിലോ!

ഒടുവിൽ ഗ്രാമത്തിനു പുറത്ത്, അര മൈൽ ദൂരെയായി വനത്തിൽ. ഒരു കുന്നിൻ ചരുവിലായി രണ്ടു മൺകുടിലുകൾ പണിത് അവർ കാത്തിരുന്നു! പ്രവർത്തനത്തിയായി ഒരു വഴി തുറന്നു കിട്ടുവാൻ വളരെ പ്രാർത്ഥിച്ചു. പക്ഷെ ഒരു ഫലവും



**കുഞ്ഞിനു കേവലം 17 ദിവസം മാത്രം പ്രായം ആയപ്പോൾ ആ മിഷ്യനറി വനിത കർത്തൃസന്നിധിയിലേക്ക് എടുക്കപ്പെട്ടു. സ്വന്തം കൈകൊണ്ടു തന്റെപ്രിയതമയുടെ ശവക്കുഴി തോണ്ടി. അവളെ സംസ്കരിച്ചു. കുഞ്ഞിനെയും മാറോടണച്ചു കൊണ്ടു അയാൾ മലയിറങ്ങി!**

കാണാൻ കഴിഞ്ഞില്ല!

ഗ്രാമത്തിനുള്ളിൽ പോകുവാനോ ഗ്രാമീണരുമായി ബന്ധപ്പെടുവാനോ യാതൊരു അനുവാദവുമില്ല. അതിനൊരേയൊരു അപവാദമായിരുന്നത്, ആഴ്ചയിൽ രണ്ടു പ്രാവശ്യം അവർക്കാവശ്യമായ ഭക്ഷണസാധനങ്ങൾ എത്തിക്കുവാൻ ഒരു ബാലനു കൊടുത്തിരുന്ന അനുവാദമായിരുന്നു.

സ്വേയാ മദാമ്മ ഒരു തീരുമാനമെടുത്തു: ഇനി ഈ ആയുസ്സിൽ ഒരു ആഫ്രിക്കനോട് സുവിശേഷം പറയാൻ കഴിഞ്ഞില്ലെങ്കിലോ! എന്തും വരട്ടെ, ഈ ബാലനോടെങ്കിലും സുവിശേഷം പറഞ്ഞിട്ടു തന്നെ കാര്യം. ഒടുവിൽ ആ ബാലൻ യേശുകർത്താവിനെ രക്ഷകനും കർത്താവുമായി സ്വീകരിച്ചു.

അവളുടെ ഭയം യാഥാർത്ഥ്യമായി. പിന്നീടൊരാളോടും സുവിശേഷം പറയുവാൻ അവൾക്ക് അവസരമുണ്ടായില്ല! മലേറിയ ഓരോരുത്തരെ വേട്ടയാടാൻ തുടങ്ങി. രോഗവും അനുബന്ധ ബദ്ധപ്പാടുകളാലും തകർന്നു കഴിഞ്ഞിരുന്ന എറിക്സൻ ദമ്പതികൾ ടൗണിലുള്ള മിഷൻ കേന്ദ്രത്തിലേക്ക് മാറിപ്പോയി. ഡേവിഡിന്റേയും സ്വേയായുടെയും തീരുമാനം മറിച്ചായിരുന്നു. എന്തു വന്നാലും വനാന്തരത്തിലുള്ള ആ മൺകുടിലിൽത്തന്നെ തുടരുവാനായിരുന്നു അവരുടെ നിശ്ചയം.

രോഗത്തിന്റെ കാഠിന്യത്താൽ തളർന്നിരുന്ന സ്വേയാ ഇതിനിടെ അവരുടെ രണ്ടാമത്തെ കുഞ്ഞിനെ ഗർഭം ധരിച്ചിരുന്നു. മലമ്പനി വന്നു അവശയായിരുന്ന അവളുടെ ശരീരത്തിന് ഇതു താങ്ങാനാവുന്നതായിരുന്നില്ല. ഒടുവിൽ ഒരു പെൺകുഞ്ഞിനെ പ്രസവിച്ചു. അവൾക്ക് ഐനാ എന്നു പേർ വിളിച്ചു. കുഞ്ഞിനു കേവലം 17 ദിവസം മാത്രം പ്രായം ആയപ്പോൾ ആ യുവ മിഷ്യനറി വനിത കർത്തൃസന്നിധിയിലേക്ക് എടുക്കപ്പെട്ടു.

അതോടെ ഡേവിഡിന്റെ ജീവിതം ഒരു ചില്ലു കൊട്ടാരം കണക്കെ തകർന്നു തരിപ്പണമായി. ആരും സഹായിക്കാനില്ലാതെ, സ്വന്തം കൈകൊണ്ടു തന്നെ തന്റെ പ്രിയതമയുടെ ശവക്കുഴി തോണ്ടി. അവളെ സംസ്കരിച്ചു. 17 ദിവസം മാത്രം പ്രായമായ തന്റെ കുഞ്ഞിനെയും മാറോടണച്ചുകൊണ്ടു അയാൾ മലയിറങ്ങി!

“നിറഞ്ഞവനായി ഞാൻ വന്നു. ഇതാ ഞാൻ ഒഴിഞ്ഞവനായി മടങ്ങിപ്പോകുന്നു. സർവ്വശക്തൻ എനിക്കു കായ്പായതുമാത്രം തന്നു!’ എന്നു നവോമിയെ അനുസ്മരിപ്പിക്കുമാറു പുലമ്പിക്കൊണ്ടു, ദുഃഖവും നൈരാശ്യവും പാടേ തകർത്തു കളഞ്ഞിരുന്ന അയാൾ, ആ പിഞ്ചു കുഞ്ഞിനെ എറിക്സൺ ദമ്പതികളെ ഏൽപ്പിച്ചു സ്വദേശത്തേക്കു കപ്പൽ കയറി.

“ഇനി എനിക്കു ഇത്തരം ഒരു ദൈവത്തെ വേണ്ടേ വേണ്ടേ!” എന്നായിരുന്നു അയാളുടെ അപ്പോഴത്തെ ദൃഢ നിശ്ചയം!

ഏതോ മാരക രോഗം ബാധിച്ചു എട്ടുമാസത്തിനുള്ളിൽ എറിക്സൺ ദമ്പതികൾ മരണത്തിനു കീഴടങ്ങി.

ആ പെൺകുഞ്ഞിന്റെ സംരക്ഷണം ഒരു അമേരിക്കൻ മിഷനറി കുടുംബം ഏറ്റെടുത്തു. അവർ അവളെ ‘ആഗി’ എന്ന് വിളിക്കാൻ തുടങ്ങി. കുഞ്ഞിനു മൂന്ന് വയസ്സായപ്പോൾ അവധിക്കാലം അമേരിക്കയിൽ ചെലവഴിക്കാൻ അവർ പോയി. ആഫ്രിക്കയിൽ തിരികെ വന്നാൽ നിയമത്തിന്റെ നൂലാമാലകളിൽ കുടുങ്ങി ‘ആഗിമോൾ’ അവർക്കു നഷ്ടപ്പെട്ടെങ്കിലോ എന്നു ഭയന്നു അവർ ആഫ്രിക്കയിലേക്കു തിരികെ പോകുന്നില്ല എന്നു തീരുമാനിച്ചു. പകരം അമേരിക്കയിൽത്തന്നെ സഭാ ശുശ്രൂഷയിലേർപ്പെട്ടു.

ആഗി അമേരിക്കയിൽ ദക്ഷിണ ഡക്കോട്ടയിൽ സംസ്ഥാനത്തു വളർന്നു. കോളേജു വിദ്യാഭ്യാസം മിനിയാപ്പൊലിസിലുള്ള ഒരു ബൈബിൾ കോളേജിലായിരിക്കാനാണ് അവൾ തീരുമാനിച്ചത്. പഠനത്തിനിടെ അവിടെ വച്ചു പരിചയപ്പെട്ട ഡ്യൂവി (Dewey Hurst)എന്ന യുവാവുമായി ആഗി വിവാഹിതയായി.

വർഷങ്ങൾ പലതു കഴിഞ്ഞു. ആഗിയും ഡ്യൂവിയും അവിടെത്തന്നെ കർത്താവിന്റെ വേലയിൽ വളരെ മുന്നോട്ടു പോയി. ഒരു മകളും ഒരു മകനും അവർക്കു ജനിച്ചു.

ഏറെ താമസിയാതെ ഡ്യൂവി സിയാറ്റിലുള്ള ഒരു ക്രിസ്ത്യൻ കോളേജിന്റെ പ്രസിഡന്റ് ആയി. സിയാറ്റിൽ പ്രദേശത്തുള്ള സ്കാൻഡിനേവിയൻ (സ്വീഡൻ, ഡെൻമാർക്ക് തുടങ്ങിയ രാജ്യങ്ങൾ അടങ്ങുന്ന ഭൂപ്രദേശം) സാന്നിദ്ധ്യം ആഗിക്ക് വളരെ കുളിർമ്മയേകുന്നതായിരുന്നു.

എവിടെ നിന്നോ അവരുടെ തപാൽ പെട്ടിയിൽ വന്നെത്തിയ സ്വീഡിഷ് ഭാഷയിലുള്ള ഒരു മാസിക ആഗിയിൽ എന്തെന്നില്ലാത്ത കൗതുകം ഉണർത്തി. ഭാഷ മനസ്സിലാകുന്നില്ലെങ്കിലും (അവളുടെ മാതാപിതാക്കളുടെ ഭാഷ അതായിരുന്നല്ലോ!) അതിന്റെ താളുകൾ അവൾ അങ്ങനെ മറിച്ചു കൊണ്ടിരിക്കെ, പെട്ടെന്നു ഒരു ശവക്കൂനയുടെ ബ്ലായ്ക്ക് ആന്റ് വൈറ്റ് ചിത്രത്തിൽ അവളുടെ കണ്ണുകൾ ഉടക്കിനിന്നു.

വളരെ പ്രാകൃതമായ ഒരു ശവക്കുടീരം. അതിന്റെ ശിരോഭാഗത്തു പ്രാകൃതമായി നിർമ്മിക്കപ്പെട്ട ഒരു മരക്കുരിശും! കുരിശിന്റെ കുറുകെയുള്ള പലകയിൽ ‘സ്വേയാ ഫ്ളഡ്’ എന്നു ആലേഖനം ചെയ്തിരുന്നു. ആഗിയുടെ ഹൃദയം അതിവേഗമിടിക്കുവാൻ തുടങ്ങി. അവളുടെ പ്രിയ മാതാവിന്റെ ശവകുടീരം ആണത് എന്നു അവൾക്ക് മനസ്സിലായി. എന്നാൽ എന്താണ് തന്റെ മാതാവിനെക്കുറിച്ചു ഈ ലേഖനത്തിലെഴുതിയിരിക്കുന്നതെന്നറിയാൻ അവൾക്കു വെമ്പലായി. പെട്ടെന്നു തന്നെ കാറിൽ കയറി, അവളുടെ കോളേജിലെ തന്നെ സ്വീഡിഷ് ഭാഷ അറിയാവുന്ന ഒരു അദ്ധ്യാപികയുടെ വീട്ടിലേക്കു അതിവേഗം ഓടിച്ചു പോയി.

“എന്ത്, എന്താണിതിലെഴുതിയിരിക്കുന്നത്?” ആകാംക്ഷയോടെ അവൾ അദ്ധ്യാപികയോട് ആരാഞ്ഞു. ലേഖനം മുഴുവൻ ഒറ്റ ഇരിപ്പിൽ വായിച്ചു തീർത്തിട്ടു സംക്ഷേപമായി അവർ ഇങ്ങനെ പറഞ്ഞു. “അനേക വർഷങ്ങൾക്ക് മുമ്പ് ൻഡോലെരാ ഗ്രാമത്തിൽ മിഷണറികളായി പോയ ഡേവിഡ്, സ്വേയാ ദമ്പതികളെക്കുറിച്ചാണ് ഇതിൽ എഴുതിയിരിക്കുന്നത്. അവർക്ക് അവിടെ വച്ച് ഒരു കുഞ്ഞുണ്ടായതിനെക്കുറിച്ചും താമസിയാതെ സ്വേയാ മരിച്ചു പോകുന്നതിനെക്കുറിച്ചും മറ്റും. എങ്കിലും മരിക്കുന്നതിന് മുമ്പ് അവർക്കു ലഭിച്ച അവസരം പാഴാക്കാതെ ഒരു ഗ്രാമീണ ബാലനുമായി സുവിശേഷം പങ്കുവച്ചതും അവൻ കർത്താവിൽ വിശ്വസിച്ചതും എല്ലാം ഇതിലുണ്ട്. ആ ബാലൻ വളർന്നപ്പോൾ ഗ്രാമത്തിൽ ഒരു സ്കൂളുണ്ടാകേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചു ഗ്രാമത്തലവനു ബോധ്യം വരുത്തിയതും ഒടുവിൽ അങ്ങനെ സ്ഥാപിതമായ സ്കൂളിലൂടെ കുട്ടികളും ആ കുട്ടികളിലൂടെ മാതാപിതാക്കളും ഒടുവിൽ അങ്ങേയറ്റം സുവിശേഷ വിരോധിയായിരുന്ന ആ ഗ്രാമത്തലവനും കർത്താവിനെക്കുറ്ച്ച് അറിയുവാനും വിശ്വസിക്കുവാനും ഇടയായതും എല്ലാം ഇതിൽ പ്രതിപാദിക്കുന്നുണ്ട്. ഇപ്പോൾ ആ ഗ്രാമത്തിൽ മാത്രം അറുനൂറിലധികം വിശ്വാസികളുണ്ടത്രേ! ഇതിനെല്ലാം കാരണം ഡേവിഡിന്റേയും സ്വേയയുടെയും ത്യാഗനിർഭരമായ ജീവിതമാണ്!” അദ്ധ്യാപിക ഒറ്റശ്വാസത്തിൽ പറഞ്ഞു നിർത്തി. അവളുടെ മാതാപിതാക്കളെക്കുറിച്ചുള്ള മനോഹരസാക്ഷ്യം അവളെ കോൾമയിർ കൊള്ളിച്ചു.

വർഷങ്ങൾ കഴിഞ്ഞു. അവരുടെ വിവാഹത്തിന്റെ 25-ാം വാർഷികത്തോടനുബന്ധിച്ചു കോളേജ് പ്രിൻസിപ്പലിനും പത്നിക്കും ഒരുപഹാരം നൽകാൻ തീരുമാനിച്ചു. സ്വീഡനിലേക്കുള്ള ഒരു പര്യടനത്തിന്റെ സ്പോൺസർഷിപ്പായിരുന്നു അവരുടെ സ്നേഹോപഹാരം.

സ്വീഡനിലെത്തി സ്വന്തം പിതാവിനെ കണ്ടുപിടിക്കുക എന്നതായിരുന്നു ആഗിയുടെ പ്രധാന ദൗത്യം. ഒടുവിൽ അതും സാധിച്ചു.

സ്വദേശത്തു മടങ്ങിയെത്തിയ ഡേവിഡ് ഫ്ളഡ് പിന്നീടു മറ്റൊരു വിവാഹം കഴിച്ചിരുന്നു. ആ വിവാഹത്തിൽ നാലുമക്കൾ ഉണ്ടായി. സ്വസഹോദരങ്ങളുമായി വികാരനിർഭരമായ ഒരു സമാഗമത്തിനുശേഷം പിതാവിനെ കാണാനുള്ള ആഗ്രഹം ആഗി പ്രകടിപ്പിച്ചു.

“കാണുന്നതിൽ വിരോധമില്ല. പക്ഷെ, ദൈവത്തെക്കുറിച്ചു പരാമർശിക്കുകയോ ഓർക്കാപ്പുറത്തു പോലും ‘ദൈവം’ എന്ന വാക്കുച്ചരിക്കുക പോലുമോ അരുത്!” ഇതായിരുന്നു പിതാവിനെ കാണാനെത്തിയ ആഗിയ്ക്കു ലഭിച്ച പ്രത്യേക നിർദേശം. ‘ദൈവം’ എന്ന വാക്കു അയാൾക്കു സഹിക്കാവുന്നതിലുമപ്പുറമായിരുന്നു, ആ വാക്കു കേൾക്കുന്ന മാത്രയിൽത്തന്നെ അയാൾ പൊട്ടിത്തെറിക്കും!

ആഗി തന്റെ അർദ്ധസഹോദരങ്ങളുടെ നിർദ്ദേശം സമ്മതിച്ചു.

ആഫ്രിക്കൻ വനാന്തരങ്ങളിൽ യേശുവിന്റെ സാക്ഷിയായിരുന്ന ‘മിഷനറി വീര’ന്റെ ഇന്നത്തെ അവസ്ഥ ആരുടെയും കരളലയിക്കുന്നതായിരുന്നു.

മദ്യലഹരിക്ക് അയാൾ അടിമയായി മാറിയിരുന്നു. രോഗാതുരനായി, എല്ലും തോലുമായി, ഇപ്പോൾ ശയ്യാവലംബിയായി കഴിയുകയാണ് അയാൾ!

ഡേവിഡിന് ഇപ്പോൾ 73 വയസ്സു കഴിഞ്ഞിരുന്നു. പക്ഷാഘാതം വന്നു തളർന്നു കിടക്കുകയാണെങ്കിലും മുറിയിൽ മദ്യക്കുപ്പികൾ ചിതറിക്കിടക്കുന്നത് അപ്പോഴും കാണാമായിരുന്നു. മദ്യത്തിന്റെ ഗന്ധവും മറ്റെന്തിന്റെയൊക്കെയോ ചൂരും ആ മുറിയിൽ നിറഞ്ഞു നിന്നിരുന്നു. വിറയ്ക്കുന്ന പാദങ്ങളോടെ അവൾ ആ മുറിയിൽ ചെന്നു. ചുളിങ്ങി മടങ്ങിയ കിടക്കയിൽ ഒരു മൃതദേഹം കണക്കെ അയാൾ കിടക്കുന്നു.

“പപ്പാ!” ഇടറുന്ന സ്വരത്തിൽ അവൾ വിളിച്ചു.

അയാൾ കണ്ണു തുറന്നു നോക്കി. “കുഞ്ഞെ, ഐനാ”, (അതായിരുന്നല്ലോ മാതാപിതാക്കൾ അവൾക്കു നൽകിയിരുന്ന ഓമനപ്പേര്) ഒരിക്കലും നിന്നെ ഉപേക്ഷിച്ചു കടന്നു കളയുവാൻ ഞാൻ ചിന്തിച്ചിരുന്നതല്ല മോളേ.” അയാൾ പശ്ചാത്താപ സ്വരത്തിൽ പറഞ്ഞു.

“അതൊന്നും സാരമില്ല. പപ്പാ, ദൈവം എന്നെ അത്ഭുതകരമായി സംരക്ഷിച്ചു.” അവൾ ഓർക്കാപ്പുറത്ത് പറഞ്ഞു പോയി.

അയാൾ ആകെ വലിഞ്ഞു മുറുകി. “ദൈവം!” അയാൾ മുരണ്ടു. നമ്മുടെ ഇന്നത്തെ അവസ്ഥയ്ക്കെല്ലാം കാരണം ദൈവമാണ്! ദൈവം നമ്മെ പൂർണ്ണമായി കൈവിട്ടുകളഞ്ഞു, ഈ സ്ഥിതിയിലാക്കി!”

അയാൾ പറഞ്ഞു നിർത്തി, ഭിത്തിക്കഭിമുഖമായി തിരിഞ്ഞു കിടന്നു. ആഗി മുഷിഞ്ഞില്ല. അവൾ പിതാവിനെ സ്നേഹപൂർവ്വം തലോടിക്കൊണ്ടേയിരുന്നു.

“പപ്പാ, ഞാൻ ചെറിയൊരു കഥ പറയാം,” അവൾ വിട്ടില്ല. “ഇതൊരു യഥാർത്ഥ കഥയാണ്. പപ്പയ്ക്കറിയാമോ, നിങ്ങൾ ആഫ്രിക്കയിൽ പോയതും, മമ്മാ അവിടെ കിടന്നു മരിച്ചതും, ഒന്നും പാഴിലായിട്ടില്ല എന്ന കാര്യം? നിങ്ങൾ ഒരു ബാലനെ കർത്താവിങ്കലേക്കു നടത്തിയത് ഓർക്കുന്നുണ്ടോ? ആ ബാലൻ വളർന്നു, അവനിലൂടെ ആ ഗ്രാമം മുഴുവനും കർത്താവിൽ വിശ്വസിക്കാനിടയായി! നിങ്ങൾ പാകിയ ആ ഒരേ ഒരു വിത്തു വളർന്നു കൊണ്ടേയിരിക്കുന്നു. ഇന്ന് അറുന്നൂറോളം ആഫ്രിക്കക്കാർ കർത്താവിന്റെ വേല ചെയ്യുന്നു. എല്ലാറ്റിനും കാരണം നിങ്ങൾ ദൈവത്തിന്റെ വിളി ചെവിക്കൊണ്ടു എന്നതാണ്. പപ്പാ, യേശു കർത്താവു നമ്മെ ഒരിക്കലും കൈവിട്ടിട്ടില്ല. അവൻ ഇപ്പോഴും നമ്മെ സ്നേഹിക്കുന്നുണ്ട്. പപ്പായെ ഒരിക്കലും കർത്താവു വെറുത്തിട്ടില്ല!” അവൾ ആവർത്തിച്ചു. “പപ്പാ, യേശു പപ്പായെ സ്നേഹിക്കുന്നു!”

വൃദ്ധൻ മുഖം മകളുടെ നേർക്കു തിരിച്ചു. അയാളുടെ പിരിമുറുക്കത്തിന് അല്പം അയവു വന്നിരിക്കുന്നു. അയാൾ അവളുടെ വാക്കുകൾ കേൾക്കാൻ തുടങ്ങി. മകളോട് സംസാരിക്കാൻ തുടങ്ങി. ആ പകൽ അവസാനിക്കുന്നതിനു മുമ്പു തന്നെ ‘മിഷനറി’ ഡേവിഡ് ഫ്ളഡ് കഴിഞ്ഞ കുറെക്കാലമായി താൻ വെറു

ശേഷം പേജ് 7ൽ

ഗത്സമനയിൽ യേശുവിനെ തനിച്ചാക്കി ശിഷ്യർ യാത്രയായി.

കാനായിലും മറുരൂപമലയിലും ഗലീലക്കടലും അവർ വിസ്മരിക്കുവാൻ തയ്യാറായി...

അവനെ അറിയുന്നില്ല എന്ന് തള്ളിപ്പറയുവാൻ വരെ ഹൃദയം കഠിനമായി....

ആശ്വസിപ്പിക്കുന്നവരുണ്ടോ എന്നു കാൺമാൻ ക്രൂശിൽ കിടന്നുകൊണ്ട് യേശു നാലു പാടും നോക്കി. ഫലമോ?

യേശുവിനെ അനുഗമിച്ച പൗലൊസിന് മരണം വരെ കൂടെ നില്ക്കാൻ ഒരു സഹയാത്രികനെ ലഭിച്ചു. അനുഭവങ്ങളുടെ തീച്ചൂളയിൽ ഇത്തിരി ആശ്വാസമായി....



# സഹനങ്ങളിൽ ഒരു സഹയാത്രികൻ



ഫെബിൻ ജോൺസ്

**കാ**രാഗൃഹത്തിന്റെ ഇരുളറയിൽ ഇരുന്ന് മനോദരത്തിൽ വേദനയും ശരീരത്തിൽ ക്ഷീണവുമായി ഒരു ബലഹീന മനുഷ്യൻ. ചില വരികൾ അരുമശിഷ്യന് താൻ കുത്തിക്കുറിക്കുന്നു. ഏകാന്തതയുടെ വീർപ്പുമുട്ടലിൽ കഴിയുന്ന തന്റെ അടുത്തേക്കുള്ള ക്ഷണമായിരുന്നു അതിലെ പ്രമേയം. മനസാക്ഷിയുള്ള ആരെയും ഈറനണിയിക്കുംവിധം ഹൃദയം മുഴുവനും തുറന്നു കാണിക്കുകയായിരുന്നു പൗലൊസ്. ആശ്വാസത്തിന്റെ ഒരു വരി താൻ മറന്നുപോകാതെ അതിൽ എഴുതിച്ചേർത്തു. “ലൂക്കോസ് മാത്രമേ എന്നോടുകൂടെയുള്ളു...”

കൂടെ നിൽക്കാൻ, ഒരു കൈ സഹായം നല്കുവാൻ, തനിക്കുവേണ്ടി വാദിക്കാൻ, തന്നെ രക്ഷിക്കുവാൻ കഴിവും പ്രാപ്തിയും സ്വാധീനവുമുള്ള അനവധി ആളുകളെ താൻ രക്ഷയിലേക്ക് നയിച്ചിട്ടുണ്ട്. എവിടെ അവരെല്ലാം? പൗലൊസ് അവരെയൊക്കെ വിശ്വാസത്തിൽ വളർത്തിയതും ഉറപ്പിച്ചതും ചോരയും നീരും ഒഴുക്കിയാണ്. തന്റെ കഷ്ടങ്ങളിൽ കൂടെനില്ക്കാൻ ആരെയും എന്തേ കണ്ടില്ല. ലൂക്കോസ് ഒഴിച്ച്.

എ.ഡി. 51 ൽ രണ്ടാം മിഷനറി യാത്രയുടെ ഭാഗമായി ത്രോവാസിൽ വന്നപ്പോഴാണ് ലൂക്കോസിനെ പൗലൊസ് പരിചയപ്പെടുന്നത്. പെന്തക്കോസ്തിനുശേഷം അനേകവർഷങ്ങൾ കഴിഞ്ഞിട്ടില്ല, അന്ത്യോക്യയിലും സുവിശേഷം എത്തി. അന്ത്യോക്യയിൽ സഭ രൂപപ്പെട്ട സമയത്ത് രക്ഷാനുഭവത്തിൽ വന്ന യവനനായിരുന്നു ലൂക്കോസ്. സുവിശേഷത്തെ ഇരുകൈകളും നീട്ടി സ്വീകരിക്കുവാൻ വിദ്യാസമ്പന്നനായ ലൂക്കോസും സഹോദരൻ തീത്തോസും തയ്യാറായി. ഉയർന്ന വിദ്യാഭ്യാസം ഉണ്ടായിരുന്ന ലൂക്കോസ് പ്രതിഭാശാലിയുമായിരുന്നു.

ത്രോവാസിൽവച്ച് പൗലൊസിനെ കണ്ടുമുട്ടിയത് ലൂക്കോസിന്റെ ജീവിതത്തിന്റെ ഒരു വഴിത്തിരിവായിരുന്നു(turning point). വൈദ്യജോലി രാജിവച്ച് മഹാരാജാവിനെ സേവിക്കാനുള്ള ക്ഷണത്തിനുമുന്നിൽ മറ്റൊന്നും ആലോചിക്കാതെ കീഴടങ്ങുകയായിരുന്നു താൻ. ത്രോവാസിൽ തങ്ങിയ പൗലൊസ് രാത്രിയിൽ ഒരു ദർശനം കണ്ടു. മാസിഡോണിയയിൽനിന്നും ഒരു മനുഷ്യൻ അരികിൽ നിൽക്കുന്നു, ഞങ്ങളെ വന്ന് സഹായിക്ക എന്ന ശബ്ദവും കൂടെ....

പ്രഭാതത്തിൽ എഴുന്നേറ്റ പൗലൊസ് ദർശനം പങ്കുവച്ചു. ലൂക്കോസിന്റെ ഉള്ളിൽ ആത്മഭാരവും വേലയ്ക്കായുള്ള വിളിയുടെ അചഞ്ചലതയും രൂപം കൊണ്ടു. “പോവുകയാണ്. പൗലൊസിനൊപ്പം. യേശുവിനായ്.” പിറ്റേന്ന് പുലർച്ചെ പൗലൊസും കൂട്ടരും ത്രോവാസിൽനിന്നും കപ്പൽ നീക്കുമ്പോൾ കൂടെ ലൂക്കോസും ഉണ്ടായിരുന്നു. “ദൈവം ഞങ്ങളെ വിളിച്ചിരിക്കുന്നു” എന്നു പറയുവാനുള്ള ധൈര്യവും ഉറപ്പും ലൂക്കോസ് സ്വന്തമാക്കിയിരുന്നു.

നേരെ സമൊത്രാക്കെയിലേക്കും പിറ്റേദിവസം നവപൊലിക്കും കപ്പൽ യാത്ര ചെയ്യുമ്പോൾ പൗലൊസിന്റെയും ശീലാസിന്റെയും കൂടെയിരുന്ന് ലൂക്കോസ് ദൈവത്തിന്റെ സഭയെന്ന പദ്ധതിയെ അടുത്തറിയുകയായിരുന്നു. മാസിഡോണിയായിലെ പ്രധാന റോമൻ കോളനിയായ ഫിലിപ്പ്യയിൽ എത്തുമ്പോൾ ലൂക്കോസിന്റെ ഹൃദയം ആത്മഭാരം കൊണ്ടു നിറഞ്ഞു. ചില ദിവസങ്ങൾക്കുള്ളിൽതന്നെ അവിടെ ഒരു സ്ഥലംസഭ രൂപപ്പെട്ടു. യഹൂദമതത്തിന്റെ അതിർവരമ്പുകളെ വിട്ട് യവനരുടെയും പുരോഗമനവാദികളായ റോമാക്കാരുടെയും ഇടയിലേക്ക് സുവിശേഷം വ്യാപിച്ചു. എതിർപ്പുകൾ അടിക്കടി നേരിടേണ്ടിവന്നു. പൗലൊസും ശീലാസും കാരാഗൃഹത്തിലായി. എങ്കിലും അവയെല്ലാം സുവിശേഷത്തിന്റെ വളർച്ചക്കുള്ള വളമായി. ലുദിയയും കാരാഗൃഹപ്രമാണിയും തുടങ്ങി അനേകർ വേർപെട്ടുവന്നു. സുവിശേഷത്തിന്റെ അത്ഭുതവളർച്ചയായിരുന്നു തുടർന്ന് ഫിലിപ്പ്യയിൽ നടന്നത്.

സഭയെ വിശ്വാസത്തിൽ ഉറപ്പിക്കുന്നതിനും ശുശ്രൂഷിക്കുന്നതിനും ലൂക്കോസ് ഫിലിപ്പ്യയിൽ താമസമാക്കി. ഫിലിപ്പ്യസഭയുടെ ഇടയനായി ലൂക്കോസിനെ അവിടെ നിർത്തിയശേഷം പൗലൊസും കൂട്ടരും അംഫിപോലിസിലേക്കും തുടർന്ന് അപ്പൊലോന്യയിൽകൂടി തെസ്സലോനിക്യയിലും എത്തി.

ഫിലിപ്പി തന്റെ പ്രവർത്തനകേന്ദ്രമാക്കി (mission station) മാസിഡോണിയായിലും അഖായയിലും സുവിശേഷ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുവാൻ ലൂക്കോസിന് കഴിഞ്ഞു. ത്രോവാസിൽ വച്ച് ഉള്ളിന്റെ ഉള്ളിൽ വീണ ആത്മഭാരം എന്ന വിത്ത് വളരുകയായിരുന്നു. ഫിലിപ്പ്യസഭയുടെ വിസ്മരിക്കുവാൻ പാടില്ലാത്ത ഇടയനായി, അടിസ്ഥാനക്കല്ലായി ലൂക്കോസ് മാറി. സമൂഹത്തിലെ ഉയർന്ന നിലവാരത്തിൽ ജീവിക്കുന്ന പലരും ക്രിസ്തുവിന്റെ താഴ്മയിലേക്ക് ഇറങ്ങിവന്നത് ലൂക്കോസിന്റെ ജീവിതദർശനവും സുവിശേഷപ്രയത്നവും മുഖാന്തരമായിരുന്നു.

മൂന്നാം മിഷനറി യാത്രയിൽ പൗലൊസ് വീണ്ടും ഫിലിപ്പ്യയിൽ വന്നപ്പോൾ സഭയുടെ പക്വതയും വളർച്ചയും തനിക്കു വ്യക്തമായി. തുടർയാത്രയിൽ ലൂക്കോസും പൗലൊസിനൊപ്പം ചേർന്നു. എ. ഡി. 51 മുതൽ 55 വരെയുള്ള ഫിലിപ്പ്യയിലെ സഭാപരിപാലനത്തിന്റെ ഒടുവിലായിരുന്നു അത്. ശുശ്രൂഷയിൽ യവനപങ്കാളിത്തം നിലനിർത്തുവാൻ ലൂക്കോസിന്റെ സാന്നിദ്ധ്യം അത്യാവശ്യമായിരുന്നു. മൂന്നാം മിഷനറിയാത്രയുടെ അന്ത്യത്തിൽ അവർ തിരികെ പാലസ്തീനായുടെ മണ്ണിൽ കാൽകുത്തുമ്പോൾ പടയാളികളുടെ കാലടിശബ്ദവും കൈവിലങ്ങുകളും പൗലൊസിനെ കാത്തിരിക്കുന്നുണ്ടായിരുന്നു.

എ. ഡി. 57 മുതൽ 60 വരെ യെരുശലേമിലും കൈസര്യയിലുമായി തടങ്കലിൽ കഴിയുമ്പോൾ കൂടെ നില്ക്കാൻ, പൗലൊസിനെ ശുശ്രൂഷിക്കുവാൻ ലൂക്കോസ് ഉണ്ടായിരുന്നു. ഈ കാലയളവിൽ ക്രിസ്തുവിന്റെ ഇഹലോകജീവിതത്തിന്റെ അക്ഷരചിത്രം താൻ തയ്യാറാക്കി. വ്യത്യസ്ഥമായ ശൈലിയോടും ഉദ്ദേശത്തോടുംകൂടെ ആ ചരിത്രരേഖ ശ്രീമാനായ തിയോഫിലോസിന് സമർപ്പിച്ചു.

എ. ഡി. 60 ൽ റോമിലേക്ക് തടവുകാരനായി പൗലൊസിനെ കൊണ്ടുപോകുമ്പോൾ തെസ്സലോനിക്യയിലെ അരിസ്തർഹോസും ലൂക്കോസുമായിരുന്നു കൂടെ ഉണ്ടായിരുന്നത്. പൗലൊസും ലൂക്കോസും തമ്മിലുള്ള ബന്ധം ഇതിനകം ആഴങ്ങളിലേക്ക് ഇറങ്ങിയിരുന്നു. യെരുശലേമിലും കൈസര്യയിലും തടവുകാരനായിരുന്നപ്പോൾ സാന്ത്വനശബ്ദവും സാന്നിദ്ധ്യത്തിന്റെ ഉറപ്പും നല്കി അനുഗ്രഹിച്ചത് ലൂക്കോസായിരുന്നല്ലോ. ഈ യാത്രയിലും പൗലൊസിന് സഹായിയായി, ആപത്തിൽ കൂടെ നില്ക്കുന്ന ചങ്ങാതിയായി ഈ സഹയാത്രികൻ ഉണ്ടായിരുന്നു.

റോമിന്റെ ഇരുളടഞ്ഞ വീട്ടുതടങ്കലിൽ പൗലൊസിനൊപ്പം ചില വഴിച്ച രണ്ടു വർഷങ്ങൾ കൊണ്ടാണ് ക്രിസ്തീയ സഭയുടെ ഉത്ഭവവും വളർച്ചയും ഗ്രന്ഥമാകുന്നത് (എ. ഡി. 60–62). തിയോഫിലോസിന് മുൻപ് എഴുതി അയച്ച ക്രിസ്തുചരിത്രമെന്ന സുവിശേഷത്തിന്റെ തുടർച്ചയെന്നോണം അപ്പോസ്തലന്മാരുടെ പ്രവർത്തികൾ എന്ന തലക്കെട്ടിൽ ആദിമസഭയുടെ ചരിത്രവും ഗ്രന്ഥമാക്കി.

സുവിശേഷം ജാതികളിലേക്കും വിളംബരം ചെയ്യപ്പെട്ടു എന്ന സന്തോഷവാർത്ത തന്റെ ഗ്രന്ഥത്തിൽ വിശദമായിത്തന്നെ ലൂക്കോസ് രേഖപ്പെടുത്തിയിട്ടുണ്ട്. സംഭവങ്ങൾ ഓരോന്നായി അക്കമിട്ട് നിരത്തി. ആത്മമിത്രത്തിന്റെ ശുശ്രൂഷയും യാത്രകളും പ്രതിസന്ധികളും കുത്തിക്കുറിക്കുവാൻ ലൂക്കോസ് ആവുന്നത്ര ശ്രമിച്ചു. അതുപോലെതന്നെ പൗലൊസും തന്റെ കാരാഗൃഹലേഖനങ്ങളിൽ ആത്മസുഹൃത്തിന്റെ അഭിവാദനങ്ങൾ സഹവിശ്വാസികളെ അറിയിക്കാൻ മടിക്കുന്നില്ല. അത്രമാത്രം അഭേദ്യമായ ബന്ധം ഇതിനോടകം അവരുടെയിടയിൽ രൂപപ്പെട്ടിരുന്നു.

റോമിലെ വിട്ടുതടങ്കലിൽ നിന്നും വിമോചിതനായ പൗലൊസ് തിമൊഥിയോസിനെയും തീത്തോസിനെയും കാണുവാനും താൻ സ്ഥാപിച്ച സഭകളെ വിശ്വാസത്തിൽ ഉറപ്പിക്കുവാനും യാത്രയാകുമ്പോൾ നിഴലായി ലൂക്കോസും ഒപ്പമുണ്ടായിരുന്നു.

എ.ഡി. 67. വീണ്ടും പൗലൊസ് റോമിലെ കാരാഗൃഹത്തിൽ അടയ്ക്കപ്പെടുന്നു. ഇത്തവണ കാര്യങ്ങൾ മുൻപെന്നപോലെ നിസാരമല്ല. രക്തദാഹിയായ നീറോയുടെ തേരോട്ടമാണ് സാമ്രാജ്യത്തിലുടനീളം നടക്കുന്നത്. ക്രിസ്ത്യാനികളെ ഒന്നടങ്കം മുടിക്കുന്നതിന് ക്വൊട്ടേഷൻ എറ്റെടുത്ത് താൻ മുന്നേറുകയാണ്. നീറോ ചക്രവർത്തിയുടെ പീഢനം സഹനങ്ങളുടെ സകല അതിർത്തിയും കടന്നു ക്രിസ്തീയ സഭയ്ക്ക് വലിയ ദോഷം ഭവിക്കുംവിധം മുതിർന്നിരിക്കുന്നു. വിശ്വാസിയെന്ന് പരിചയപ്പെടുത്തുവാൻ പോലും ആരും തയ്യാറാകാത്ത കാലം. റോമിലെ സഭയ്ക്ക് സ്വാതന്ത്ര്യമായി ഒന്ന് കൂടിവരുവാൻപോലും കഴിയാത്ത അവസ്ഥ. പൗലൊസിനെ കയ്യിൽകിട്ടിയ സന്തോഷം റോമാഭരണകൂടം ആഘോഷിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ വിചാരണകൾ വളരെയധികം ക്രൂരമാണ്. എങ്കിലും മോചനം പ്രതീക്ഷിച്ച പൗലൊസിന്റെ കണ്ണുകൾക്ക് ദൈവകൃപയുടെ വലിയ തിളക്കം ഉണ്ടായിരുന്നു.

പക്ഷേ ഒന്നാം വാദത്തിൽ കൂടെ നിൽക്കേണ്ടവർ കുതികാൽ ചവുട്ടി. മൂന്നരവർഷത്തെ സാന്നിദ്ധ്യത്തെ നിമിഷങ്ങൾക്കൊണ്ട് വലിച്ചെറിഞ്ഞ് ഒറ്റിക്കൊടുത്ത യൂദാസിനു സമാനമായിരുന്നു ചെമ്പുപണിക്കാരനായ അലക്സെന്തറും. ഉയരത്തിലെ കോടതിമുറിയെ അവഗണിക്കുകയായിരുന്നു അവർ. കർത്താവ് തുണയായി ഏതു വിചാരണകോടതിയിലും കൂടെ ഉണ്ടെന്നുള്ള അറിവ് പൗലൊസിനെ ഒന്നാം വാദത്തിൽ ധൈര്യപ്പെടുത്തി.

**ഒരു സുഹൃത്ത്... ഹൃദയത്തിന്റെ നൊമ്പരവും പ്രശ്നങ്ങളുടെ കാഠിന്യവും തിരിച്ചറിയുന്നു. നീ തനിച്ചല്ലെന്ന്, ദൈവമുണ്ടെന്ന് ചെവിയിൽ ഒരു സാന്ത്വന മൊഴി. യേശുവിന് പകരം...**

നന്മയുടെ വാക്കുകളുമായി സഹനങ്ങളിലും ലൂക്കോസ് കൂടെയുണ്ടായിരുന്നു. ശാരീരിക പ്രയാസത്തേക്കാൾ മാനസീക വേദന പൗലൊസ് അനുഭവിക്കുന്നുണ്ട്. കാരണം താൻ ഏകനാണ്. തന്റെ ആത്മീകമക്കൾ ഈ പ്രതിസന്ധിയിൽ കൂടെയില്ല. നെഞ്ചേറ്റി നടന്ന സഹവിശ്വാസികളും ഏറെ അകലെയാണ്. ഒരാൾമാത്രം നിഴലായി എപ്പോഴും കൂടെ. ലൂക്കോസ്. എ. ഡി. 51ൽ ക്രിസ്തുവിലൂടെ ആരംഭിച്ച സ്നേഹബന്ധമാണ്. എ. ഡി. 68ലേക്ക് എത്തുമ്പോഴും അല്പംപോലും ഇഴ അയയാതെ, കുറയാതെ ആദ്യസ്നേഹത്തിന്റെ അതിർവരമ്പുകൾ ദൃഢതയോടെ, പരസ്പരവിശ്വാസത്തിലും സൗഹൃദത്തിലും ആത്മബന്ധത്തിലും നിലനിൽക്കുവാൻ കഴിഞ്ഞതെത്രയോ ഭാഗ്യമാണ്!

കാരാഗൃഹത്തിൽ പൗലൊസിനൊപ്പം സ്ഥാനമുണ്ടായിരുന്നത് ലൂക്കോസിനായിരുന്നു. വൈദ്യസഹായവും കൂടെ ഉൾക്കരുത്തും ആത്മശക്തിയും പകർന്നുകൊടുക്കുവാൻ ലൂക്കോസിന് കാരാഗൃഹത്തിന്റെ ഉള്ളറയിലേക്കു ലഭിച്ച പ്രവേശനാനുമതി ദൈവനിയോഗമായിരുന്നു.

ഏതൊരു വ്യക്തിയുടെയും പ്രശ്നങ്ങളുടെയും പ്രതികൂലങ്ങളുടെയും കാരാഗൃഹത്തിൽ ആത്മസുഹൃത്തിന് മാത്രമേ പ്രവേശനമുള്ളു. അവന് ഹൃദയത്തിന്റെ നൊമ്പരവും പ്രശ്നങ്ങളുടെ കാഠിന്യവും തിരിച്ചറിയുവാൻ കഴിയും. ഒരു തലോടൽ. ഞാനൊപ്പമുണ്ടെന്ന ഉറപ്പ്. നീ തനിച്ചല്ലെന്നും ദൈവമുണ്ടെന്നുള്ള സാന്ത്വനവചനം. യഥാർത്ഥ സുഹൃത്ത് പ്രശ്നങ്ങളുടെ ജയിലറകളിൽ ഇതല്ലെ മന്ത്രിക്കുക. അത് യേശുവിനു പകരമുള്ള ശുശ്രൂഷയാണ്.

വർഷങ്ങൾകൊണ്ട് ആഴമേറിയ ആത്മബന്ധത്തെ തകർത്തുകളയുവാൻ ഒരു കറുത്തപ്രഭാതം വിടർന്നു. ശിരച്ഛേദം ചെയ്യാൻ കൽപ്പനയായി. എങ്കിലും പൗലൊസിന്റെ മുഖം പ്രസന്നമായിരുന്നു. വർഷാന്തരങ്ങളായി കാത്തിരുന്ന കാന്തനെ കാണാൻ പോകുന്ന മഹൽദിനം. ലൂക്കോസിന്റെ ഹൃദയം നിലത്തു വീണുടയുന്ന സ്ഫടികം പോലെ തകരുവാൻ തയ്യാറെടുക്കുന്നു. സകല നിയന്ത്രണങ്ങളും കൈവിട്ടുപോകുന്നു.

പൗലൊസിനൊപ്പം ഇരിക്കുവാൻ, ജയിലറയുടെ ഇരുട്ടിൽ വെളിച്ചമാകുവാൻ, തണുത്തുവിറങ്ങലിച്ച കൈവിരലുകളിൽ ചൂടുപകരുവാൻ, ദൈവത്തിന് പദ്ധതികളുണ്ടെന്ന് ആശ്വസിപ്പിക്കുവാൻ, ബലഹീനമായ ശരീരത്തിന് വേണ്ട ഔഷധങ്ങൾ നല്കുവാൻ ആത്മസുഹൃത്തായ ലൂക്കോസിന് കഴിഞ്ഞിരുന്നു. “ലൂക്കോസ് മാത്രമേ എന്നോടുകൂടെയുള്ളു” ഈ വാക്കുകളിൽ എല്ലാമുണ്ട്.

ഇപ്പോൾ ലൂക്കോസിനെ ധൈര്യപ്പെടുത്തുവാൻ ആരുമില്ല. ആത്മമിത്രത്തെ ഏതാനും മണിക്കുറുകൾക്കുള്ളിൽ നഷ്ടപ്പെടും. “തിമൊഥെയോസേ.... നീയെങ്കിലും ഒന്നു അടുത്തുണ്ടായിരുന്നെങ്കിൽ... എന്നെ ഒന്ന് പിടിച്ചിരുന്നെങ്കിൽ... എനിക്ക് താങ്ങാനാവുന്നില്ല... എന്റെ സന്തത സഹചാരിയെ എനിക്ക് നഷ്ടപ്പെടുന്നു...” ലൂക്കോസ് ഉറക്കെ വിലപിക്കുന്നുണ്ട്. മരിക്കുന്നത് ലാഭമെന്ന പൗലൊസിന്റെ മൊഴി ലൂക്കോസിനെ ധൈര്യപ്പെടുത്തുന്നുണ്ടെങ്കിലും ആത്മസൂഹൃത്തിന്റെ നഷ്ടം ലൂക്കോസിന് താങ്ങുവാൻ കഴിയുമായിരുന്നില്ല.

പരസ്യമായി പൗലൊസിനെ ശിരച്ഛേദം ചെയ്യാനായി കൊണ്ടുപോകുമ്പോൾ വിങ്ങുന്ന ഹൃദയവുമായി ലൂക്കോസ് പിന്നാലെയുണ്ട്. റോമിലെ മറ്റുവിശ്വാസികൾ അടുത്തുവരുവാൻ ഭയപ്പെടുന്നുണ്ട്. എങ്കിലും അവസാനമായി ഒരു നോക്കു കാണാൻ കല്ത്തളത്തിന്റെ ചുറ്റും അവരും കൂടിയിട്ടുണ്ട്. കഴുത്ത് നീട്ടിക്കൊടുക്കുവാനുള്ള ആഞ്ജക്കുമുന്നിൽ സന്തോഷത്തോടെ പൗലൊസ് അതു ചെയ്യുമ്പോൾ ലൂക്കോസിന്റെ ഹൃദയതാളം വേഗത്തിലാകുന്നുണ്ട്. വർഷങ്ങൾക്ക് പിന്നിലേക്ക് ഓടിപ്പോകുന്നുണ്ട്. പടയാളിയുടെ വാളിന്റെ അറ്റത്ത് രക്തം ഇറ്റിറ്റ് വീഴുന്ന കാഴ്ചയ്ക്ക് മുന്നിൽ ലൂക്കോസ് അലറിവിളിച്ചു.... വ്യത്യസ്ഥമായ സമർപ്പണമായിരുന്നു അത്. സഹയാത്രികനോടുള്ള ഒടുവിലത്തെ ആത്മാർപ്പണം.

പൗലൊസിന്റെ വധശിക്ഷ നേരിൽ കാണേണ്ടിവന്ന ദൗർഭാഗ്യവും ലൂക്കോസിനായി. തിമൊഥിയോസിന്റെ വരവിനുമുമ്പുതന്നെ പൗലൊസിന്റെ ശിരച്ഛേദം നടപ്പിലാക്കിയെന്ന് ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. ആദ്യനൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഐറേനിയസ് ലൂക്കോസിനെ വിളിച്ചിരുന്നത് അടർത്തിമാറ്റുവാൻ കഴിയാത്ത സഹയാത്രികൻ (inseparable companion) എന്നാണ്.

ത്രോവാസുമുതൽ റോമിലെത്തുംവരെയുള്ള നീണ്ട വർഷങ്ങൾ ആ ബന്ധം നിലനിർത്തുവാൻ, കൂടുതൽ സൗന്ദര്യമുള്ളതാക്കുവാൻ ലൂക്കോസിന് കഴിഞ്ഞു. ലൂക്കോസ് ഒരു ചരിത്രകാരനും വൈദ്യനുമൊക്കെ ആയിരുന്നെങ്കിലും അതിനേക്കാൾ ദൈവസഭയുടെ അതിർവരമ്പുകളെ ജാതികളുടെ ഇടയിലേക്കു വ്യാപിപ്പിക്കുവാൻ പൗലൊസിനൊപ്പം ദൈവം ഉപയോഗിച്ച മാനപാത്രമായിരുന്നു. പൗലൊസിനോടുകൂടെ ജാതീകളുടെ ഇടയിലേക്ക് ജാതിയനായ ലൂക്കോസ് ഇറങ്ങിയത് വിസൃതമായ മേഖലയിലേക്ക് സുവിശേഷം എത്തുവാൻ കാരണമായി. സൗഹൃദത്തിലെ സമർപ്പണം സുവിശേഷത്തിന്റെ വ്യാപ്തിക്ക് കാരണമായി... നമ്മുടെ ബന്ധങ്ങൾ സുവിശേഷത്തിന്റെ അഭിവൃദ്ധിക്കുള്ള വാതായനങ്ങളാകട്ടെ!

ഗവേഷണ പഠനം – 1

# ആനുകാലിക പ്രസിദ്ധീകരണങ്ങൾ: ശക്തിയും സ്വാധീനവും



ലിജോ വർഗീസ് പാലമറ്റം

മലയാള ഭാഷയിൽ പത്രം പുറത്തിറങ്ങിയിട്ട് 164 വർഷങ്ങൾ പിന്നിട്ടു. മലയാളത്തിലെ ആദ്യത്തെ പത്രം രാജ്യസമാചാരം ആയിരുന്നു. (1847) പിന്നീട് പശ്ചിമോദയം, ജ്ഞാനനിക്ഷേപം, എന്നിവ പുറത്തുവന്നു. ഈ പത്രങ്ങളെക്കുറിച്ച് വിശ്വാസി സമൂഹം പ്രത്യേകിച്ച് യുവതലമുറ തീർച്ചയായും അറിഞ്ഞിരിക്കണം. കാരണം തിരുവചന സത്യങ്ങൾ ജനങ്ങളെ അറിയിക്കുവാൻ ദൈവം ഉപയോഗിച്ച മാർഗ്ഗങ്ങളായിരുന്നു ആദ്യകാല മലയാള പത്രങ്ങൾ. സുവിശേഷ സത്യങ്ങൾ പ്രചരിപ്പിക്കുകയായിരുന്നു പത്രാധിപന്മാരായ മിഷനറിമാരുടെ ലക്ഷ്യം. ഗവേഷണ സ്വഭാവം നിലനിർത്തുന്ന ഈ പഠന പരമ്പരയുടെ ആദ്യ ഭാഗത്തിലേക്ക് ....

**ആമുഖം**

കേരളത്തിലെ സാമൂഹ്യ വിപ്ലവത്തിന് തുടക്കം കുറിച്ചത് പത്തൊമ്പതാം നൂറ്റാണ്ട് മുതലാണ്. അതിന് നേതൃത്വം നല്കിയതാകട്ടെ ഇവിടെ എത്തിയ പ്രൊട്ടസ്റ്റന്റ് മിഷനറിമാരും. മിഷനറിമാരുടെ പ്രവർത്തനവും പാശ്ചാത്യ വിദ്യാഭ്യാസത്തിന്റെ പ്രചാരവും കേരളീയ സമൂഹത്തിൽ മൗലികമായ പരിവർത്തനത്തിന് വിത്ത് പാകി. ലണ്ടൻ മിഷനറി സൊസൈറ്റിയുടെ പ്രവർത്തകനായി 1806 ൽ തോബിയാസ് റിംഗിൾടോബും ചർച്ച്മിഷ്യൻ സൊസൈറ്റിയുടെ പ്രവർത്തകനായി 1816 ൽ തോമസ് നോർട്ടനും ബാസൽ മിഷ്യൻ സൊസൈറ്റിയുടെ പ്രവർത്തകനായി 1832 ൽ ഹെർമ്മൻ ഗുണ്ടർട്ടും കേരളത്തിൽ എത്തി. ഇവരിലൂടെയും ഇവരുടെ പിൻഗാമികളിലൂടെയും കേരളം സമഗ്രമാറ്റത്തിന് തയ്യാറായി. പ്രേക്ഷിത പ്രവർത്തനാർത്ഥം ഇവിടെ വന്ന മിഷനറിമാർ സമസ്തമേഖലകളിലും ശ്രദ്ധപതിപ്പിച്ചു. അടിമത്ത നിർമ്മാർജ്ജനം, ഭാഷ, സാഹിത്യപരിപോഷണം, ബൈബിൾ വിവർത്തനം, പുസ്തക പ്രസിദ്ധീകരണം, വ്യാകരണങ്ങളുടെയും നിഘണ്ടുവിന്റേയും നിർമ്മാണം, അച്ചടിമേഖലയിലെ മുന്നേറ്റം, പത്രം, മറ്റിതര ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ ആരംഭം ഈ മേഖലകളിലെല്ലാം മിഷനറിമാരുടെയും പ്രൊട്ടസ്റ്റന്റ് വിശ്വാസികളുടെയും സംഭാവന കനപ്പെട്ടതാണ്.

**ബംഗാളിൽ നിന്ന് കേരളത്തിലേക്ക്**

ഭാരതത്തിലെ ആദ്യവർത്തമാന പത്രം 1780 ൽ കൽക്കട്ടയിൽ നിന്ന് പുറത്തിറങ്ങിയ "ബംഗാൾ ഗസ്റ്റ്" ആയിരുന്നു. ജെയിംസ് ആഗസ്റ്റസ് ഹിക്കി (James Augustus Hicki) ആയിരുന്നു ബംഗാൾ ഗസറ്റിന്റെ ഉടമയും പത്രാധിപരും. ആയിരം രൂപ മുതൽ മുടക്കിൽ വാങ്ങിയ കുറെ അച്ചുകളും മരം കൊണ്ടുള്ള പ്രസ്സുമായിരുന്നു ജെയിംസിന്റെ മൂലധനം. ബംഗാൾ ഗസറ്റിന്റെ വരവിനെ തുടർന്ന് കൽക്കട്ട അച്ചുകൂടത്തിന്റെ പ്രധാനനഗരമായി മാറി. രണ്ട് ഡസനോളം പത്രങ്ങൾ കൽക്കട്ടയിൽ നിന്ന് പ്രസിദ്ധീകരണം തുടങ്ങി. കൽക്കട്ടയിൽ പൊട്ടിപുറപ്പെട്ട പത്രപ്രവർത്തന വിപ്ലവം കേരളത്തിൽ എത്തിയത് ബാസൽ മിഷ്യൻ മിഷനറി ഹെർമ്മൻ ഗുണ്ടർട്ട് മുഖാന്തരം 1847 ലാണ്. 1847 ജൂൺ മാസത്തിൽ മലബാറിലെ തലശ്ശേരിക്കടുത്ത് ഇല്ലിക്കുന്നിൽ തോമസ് ട്രയിഞ്ച് സായിപ്പ് പണികഴിപ്പിച്ച് ബാസൽ മിഷ്യന് പിന്നീട് നല്കിയ കൂറ്റൻ ബംഗ്ലാവിന്റെ വരാന്തയിൽ വച്ച് മിഷനറി ഹെർമ്മൻ ഗുണ്ടർട്ട് ബാസൽ മിഷന്റെ സഹായത്തോടെ രാജ്യസമാചാരം എന്ന പ്രഥമ മലയാള പത്രത്തിന് രൂപം നൽകി.

**രാജ്യസമാചാരത്തിലേക്ക്**

മലയാള ആനുകാലിക രംഗത്തെ ആദ്യകൺമണിയായ രാജ്യസമാചാരത്തെ കുറിച്ചെഴുതുന്നതിൽ ഒരു ക്രിസ്തീയ എഴുത്തുകാരൻ എന്ന നിലയിൽ ഞാൻ ഏറെ സന്തോഷിക്കുന്നു. റോയൽ സൈസിൽ എട്ടിൽ ഒന്നു വലിപ്പത്തിൽ പുറത്തിറക്കിയ രാജ്യ സമാചാരത്തിന് 6 പേജുകളാണുണ്ടായിരുന്നത്. ചില ലക്കങ്ങളിൽ 8 പേജുകളിലും പുറത്തിറക്കി. 1847 ജൂൺ മുതൽ 1850 നവംബർ വരെ രാജ്യസമാചാരം നിലനിന്നു.

രാജ്യസമാചാരത്തിലെ സമാചാരം എന്നവാക്ക് വാർത്തയെകുറിക്കുന്നതാണെങ്കിലും 'രാജ്യം' എന്നതു



ഹെർമെൻ ഗുണ്ടർട്ട്

കൊണ്ട് പ്രസാദകർ ഉദ്ദേശിക്കുന്നത് ലൗകിക രാജ്യത്തെ അല്ല ദൈവരാജ്യത്തെയാണ്. സ്വർഗ്ഗരാജ്യം എന്നും ദൈവരാജ്യം എന്നും പേരുള്ള രാജ്യമാണ് രാജ്യസമാചാരത്തിലെ രാജ്യം. ഒന്നാം ലക്കത്തിന്റെ പത്രാധിപകുറിപ്പിൽ പത്രത്തിന്റെ ലക്ഷ്യം വ്യക്തമാക്കുന്നത് ശ്രദ്ധിക്കുക. "ഈ പേർ വായിച്ചാൽ അർത്ഥം തോന്നുവോ എന്നറിയില്ല. ഓരോ രാജ്യങ്ങളിൽ അന്നന്നുണ്ടാകുന്ന വിശേഷങ്ങളെ ബോധിപ്പിക്കുന്നത് തങ്ങളുടെ അഭിപ്രായമല്ല. മലയാള രാജ്യത്തിലെ പുതുമകളെ അറിയിപ്പാൻ പോകുന്നു എന്ന് വിചാരിക്കേണ്ടതില്ല. ദൈവരാജ്യം എന്നും സ്വർഗ്ഗരാജ്യം എന്നും പേരുള്ളത് ഞങ്ങളുടെ രാജ്യം. അത് മലയാളത്തിലും ഭാരത ഖണ്ഡത്തിലും പ്രത്യേകമുള്ളതല്ല. തെക്കും വടക്കും പടിഞ്ഞാറും ആഴി ചുറ്റും ഊഴിയിലെങ്ങും അതു ചിതറി ഇരിക്കുന്നു. യേശുക്രിസ്തൻ എന്ന രാജാവ് തന്റെ ശത്രുക്കളുടെ നടുവിൽ വാഴുന്നു. അവനെ അനുസരിക്കുന്ന പ്രജകളത്രേ അവന്റെ രാജ്യം".

ക്രൈസ്തവ സംബന്ധിയായ വാർത്തകൾക്കാണ് രാജ്യസമാചാരം പ്രാധാന്യം നല്കിയത്. എന്നാൽ ഇതര മതങ്ങളെ വിമർശിക്കുവാനും ശ്രമിച്ചിട്ടുണ്ട്.പക്ഷേ വൃണപ്പെടുത്തുന്ന രീതിയിൽ ആയിരുന്നില്ല. പ്രഥമലക്കത്തിൽ ആന്ധ്രാപ്രദേശിലെ വിശാഖപട്ടണത്ത് നിന്നു റിപ്പോർട്ട് ചെയ്യപ്പെട്ട ഒരു വാർത്ത ഇപ്രകാരമായിരുന്നു. "ജഗനാഥൻ എന്നു പേരുള്ള ഒരു ബ്രാഹ്മണ ബാലൻ സ്ക്കൂളിൽ ചേർന്ന് ഇംഗ്ലീഷ്ഭാഷ പഠിച്ചതിനെ തുടർന്ന് അവന്റെ വ്യക്തി ജീവിതത്തിലെ ദുഃഖങ്ങൾക്ക് പരിഹാരമുണ്ടായെന്നും അവൻ യേശുവിൽ വിശ്വസിക്കുവാനും ഇടയായി" ഹൈബോധകൻ എന്ന റിപ്പോർട്ടറാണ് ഈ വാർത്ത നല്കിയിരുന്നത്. മിഷനറി പ്രവർത്തനങ്ങളെക്കുറിച്ച് വായനക്കാരിൽ അവബോധം ജനിപ്പിക്കുക എന്നതും രാജസമാചത്തിന്റെ ലക്ഷ്യമായിരുന്നു. 'ആഫ്രിക്കയുടെ തെക്കേയറ്റത്തു താമസിക്കുന്ന കസച്ചുവാനർ എന്ന നീഗ്രോക്കാർക്കിടയിലെ സുവിശേഷ പ്രവർത്തനങ്ങളെ കുറിച്ചുള്ള വാർത്ത അർഹിച്ച പ്രാധാന്യത്തോടെയാണ് പ്രസിദ്ധീകരിച്ചത്. ലോക വാർത്തകൾ പറയുമ്പോഴും അതിലൊരു ക്രൈസ്തവ സ്പർശം നല്കുന്നതിനും ശ്രമം നടത്തിവന്നു. പത്രത്തിലെ സ്ഥിരം പക്തികൾ മിഷനറിമാർ എഴുതുന്ന കത്തുകളായിരുന്നു. ലോകത്തിലെ വിവിധ ഭാഗങ്ങളിലെ സുവിശേഷ മുന്നേറ്റങ്ങളുടെ റിപ്പോർട്ടുകൾക്കും പ്രാധാന്യം നല്കിവന്നു. രാജ്യസമാചരത്തെ കുറിച്ച് ഗവേഷകനായ ഡോ. സാമുവേൽ നെല്ലുമുകൾ എഴുതുന്നു. "ചില കുടുംബങ്ങളിലെ കടിഞ്ഞൂൽ സന്താനത്തെ ദൈവവേലക്ക് നേരുന്നതുപോലെ കൈരളിയുടെ കടിഞ്ഞൂൽ പത്രവും ദൈവത്തിനുള്ളതായിരുന്നു. യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവർക്കുണ്ടാകുന്ന രക്ഷയും സന്തോഷവും ക്രിസ്തു നല്കുന്ന പാപ വിമോചനവും അങ്ങനെ പലതും പഠിപ്പിക്കുവാൻ അത് ഉപകരണമാക്കി. ക്രിസ്തുവിലൂടെ ദൈവരാജ്യം പ്രാപിക്കുവാനുള്ള ഒരു വഴികാട്ടിയായിരുന്നു രാജ്യസമാചാരം (കേരളത്തിലെ സാമൂഹ്യ പരിവർത്തനം പേജ് 162)

കല്ലച്ചിലായിരുന്നു രാജ്യസമാചാരം അച്ചടിച്ചിരുന്നത്. പത്രപ്രവർത്തന ഗവേഷണ മേഖലയിലെ അതികായകനായ ശ്രീ. മുർക്കോത്ത് കുഞ്ഞപ്പ എഴുതുന്നു. "കൈയ്യക്ഷരത്തിന്റെ സ്ഫുടതയും ഭംഗിയും അത്യന്തം മനോഹരമായിരിക്കുന്നു. നല്ല ഈടുനിൽക്കുന്ന കടലാസ് 120 വർഷം കഴിഞ്ഞിട്ടുപോലും അതുപൊടിഞ്ഞുപോകുന്നില്ല. പേജുകൾ മറിച്ചിടുമ്പോൾ പൊടിയുന്നതുമില്ല. ആകെപ്പാടെ വളരെ അരുമയോടുകൂടി മാത്രം എടുത്തുവായിക്കുവാൻ തോന്നുന്ന സുന്ദരമായ ഒരു പ്രസിദ്ധീകരണം."

രാജ്യസമാചാരം പ്രസിദ്ധീകരിച്ച് മൂന്ന് മാസത്തിന് ശേഷം (1847 സെപ്തംബർ) പശ്ചിമോദയം എന്ന പേരിൽ മറ്റൊരു പ്രസിദ്ധീകരണവും ബാസൽ മിഷ്യൻ ആരംഭിച്ചു. രാജ്യസമാചാരത്തിലൂടെ ആത്മീയ വിജ്ഞാനം വായനക്കാർക്ക് നല്കുവാനാണ് ലക്ഷ്യമിട്ടിരുന്നതെങ്കിൽ പൊതുവിജ്ഞാനം പകരുകയായിരുന്നു, പശ്ചിമോദയത്തിന്റെ ലക്ഷ്യം. ചരിത്രകാരനായ ദേവദാസ് മാടായിയുടെ വാക്കുകൾ ശ്രദ്ധിക്കുക. "സൂര്യൻ, ചന്ദ്രൻ, ഗോളങ്ങൾ തുടങ്ങിയവയെക്കുറിച്ച് സാധാരണക്കാരുടെ ഇടയിൽ പൊതുവെ നിലനിന്നിരുന്ന അന്ധവിശ്വാസത്തെ ഇല്ലായ്മ ചെയ്യുക എന്ന മഹത്തായ കർമ്മമാണ് പശ്ചിമോദയം അനുഷ്ഠിച്ചത്." മിഷനറി എഫ്. മുള്ളർ പശ്ചിമോദയത്തിന്റെ പ്രധാന പത്രാധിപർ ആയിരുന്നെങ്കിലും പ്രസിദ്ധീകരണത്തിന്റെ ഉത്തരവാദിത്വം ഹെർമ്മൻ ഗുണ്ടർട്ടിനായിരുന്നു.

**ജ്ഞാനനിക്ഷേപം**

ബാസൽ മിഷ്യന്റെ നേതൃത്വത്തിൽ രാജസമാചാരവും പശ്ചിമോദയവും പ്രസിദ്ധീകരിച്ചുവരുന്നതിനിടയിൽ 1848 വൃശ്ചികം മുതൽ കോട്ടയം സി.എം.എസ്സ്. പ്രസിൽ നിന്നും ജ്ഞാനനിക്ഷേപം എന്ന ആനുകാലികം പുറത്തിറങ്ങി. സി.എം.എസ്. സംഘടന ഇംഗ്ലണ്ടിൽ രൂപീകരിച്ചതിന്റെ ജൂബിലി സ്മാരകമായിട്ടാണ് മിഷനറിമാർ ജ്ഞാനനിക്ഷേപം പ്രസിദ്ധീകരിച്ചത് ക്രിസ്ത്യാനികളുടെ സമഗ്ര അഭിവൃദ്ധിയായിരുന്നു ജ്ഞാനനിക്ഷേപത്തിന്റെ ലക്ഷ്യം. ജ്ഞാനനിക്ഷേപത്തിന്റെ ഉള്ളടക്കം ഇനി പറയും വിധമായിരുന്നു (1)പാശ്ചാത്യവും പൗരസ്ത്യവുമായ ക്രൈസ്തവ വാർത്തകൾ (2) ഓരോ ഞായറാഴ്ചയും വായിക്കുവാനും ചിന്തിക്കുവാനും പഠിക്കുവാനും വേണ്ട വേദഭാഗങ്ങൾ (3) ആനുകാലികവും സാമൂഹികവുമായ പ്രശ്നങ്ങൾ സംബന്ധിച്ച പഠനങ്ങൾ (4) റോമൻ കത്തോലിക്ക ആചാരങ്ങൾക്കെതിരെയുള്ള വിമർശനാത്മക പഠനങ്ങൾ (5) സുറിയാനി ക്രിസ്ത്യാനികളുടെ ഇടയിൽ നിലനിന്നിരുന്ന അനാചാരങ്ങൾക്കെതിരെയുള്ള വിമർശനങ്ങൾ. 1848ൽ ആരംഭിച്ച ജ്ഞാനനിക്ഷേപം ഇന്നും നിലനില്ക്കുന്നു. 2011 ഏപ്രിൽ മാസത്തിലും ജ്ഞാനനിക്ഷേപത്തിന്റെ ലക്കം പുറത്തിറങ്ങിയിരുന്നു. എന്നാൽ ഡോ. ബാബു ചെറിയാൻ ചൂണ്ടിക്കാട്ടുന്ന ഒരു വസ്തുത ഇവിടെ ചേർത്ത് എഴുതട്ടെ. 1848 ൽ മാസിക തുടങ്ങിയപ്പോൾ ആരംഭകരായ മിഷനറിമാർക്ക് ഉണ്ടായ കാഴ്ചപ്പാടും ദർശനവും ഇപ്പോഴുള്ള നടത്തിപ്പുകാർക്ക് ഉണ്ടെന്ന് തോന്നുന്നില്ല. ഇന്ന് ജ്ഞാന നിക്ഷേപം സി.എസ്.ഐ. മദ്ധ്യകേരള മഹാഇടവകയുടെ ഔദ്യോഗിക പ്രസിദ്ധീകരണമായി മാറിയിരിക്കുന്നു.

മാസം തോറും പ്രസിദ്ധീകരിച്ചു വന്ന ജ്ഞാനനിക്ഷേപത്തിന്റെ ഓരോ ലക്കത്തിലും എട്ടു പേജുകൾ വീതമാണ് ഉണ്ടായിരുന്നത്. മലയാള പത്രപ്രവർത്തന ചരിത്രം എഴുതുന്ന ആർക്കും ജ്ഞാനനിക്ഷേപത്തെ പരാമർശിക്കാതിരിക്കാനാവില്ല. രാജ്യസമാചാരം പോലെ സുവിശേഷ സത്യങ്ങൾക്ക് വേണ്ടി മാത്രം നിലനിന്നിരുന്ന പ്രസിദ്ധീകരണമായിരുന്നില്ല ജ്ഞാനനിക്ഷേപം. പൊതുവി ജ്ഞാന വിവരണങ്ങൾക്ക് ഒപ്പം ആത്മീയ സത്യങ്ങൾക്കും പ്രാധാന്യം നൽകി പോന്നു. റോമാ ലേഖനത്തിലെ പ്രധാന വിഷയങ്ങളിലൊന്നായ വീണ്ടെടുപ്പ്, ബസ്പുർക്കാന അഥവാ ശുദ്ധീകരണ സ്ഥലം എന്നീ വിഷയത്തെക്കുറിച്ചുള്ള ഖണ്ഡനം, ഇതെല്ലാം ജ്ഞാനനിക്ഷേപത്തിന്റെ ആദ്യലക്കങ്ങളിൽ മിഷനറിമാർ പ്രസിദ്ധീകരിച്ചിരുന്നു.

മലയാള സാഹിത്യ ചരിത്രത്തിൽ ജ്ഞാന നിക്ഷേപത്തിന്റെ പ്രസക്തിയിൽ ചിലത് മാത്രം ചരിത്ര വിദ്യാർത്ഥികൾക്ക് വേണ്ടി സൂചിപ്പിക്കട്ടെ. കൊച്ചി രാജകുടുംബാംഗമായ രാമവർമ്മൻ (1841–1858) യേശുവിനെ രക്ഷിതാവും കർത്താവുമായി സ്വീകരിച്ചതിനുശേഷം പ്രേഷിത പ്രവർത്തനാർത്ഥം ബാസൽ മിഷ്യനിൽ അംഗമായി ചേർന്നു. രാമവർമ്മൻ തന്റെ പേരിനോടൊപ്പം യാക്കോബ് എന്ന് ചേർക്കുകയും. യാക്കോബ് രാമവർമ്മൻ എന്നാക്കി മാറ്റുകയും ചെയ്തു. യാക്കോബ് രാമവർമ്മന്റെ ആത്മകഥയെ മലയാളത്തിലെ ആദ്യത്തെ ആത്മകഥയായി സാഹിത്യ ഗവേഷകന്മാർ അംഗീകരിക്കുന്നു. യാക്കോബ് രാമവർമ്മന്റെ ആത്മകഥ ജ്ഞാനനിക്ഷേപത്തിലൂടെയാണ് 1858 ൽ ആദ്യം അച്ചടിച്ച് പുറത്ത് വന്നത്. ശ്രീ. ജെ. സി. ദേവിന്റെ അനുബന്ധ പഠനത്തോടൊപ്പം യാക്കോബ് രാമവർമ്മന്റെ ആത്മകഥ ജി.എൽ.എസ്. 1993 ൽ പുറത്തിറക്കിയിട്ടുണ്ട്. ***(തുടരും)***

---

ജീവിതം പഠിപ്പിച്ച പാഠം

വി. കുരിയാക്കോസ്, കീഴില്ലം

## പ്രത്യുപകാരം പ്രതീക്ഷിക്കരുത്

എറണാകുളം ജില്ലയിൽ കുന്നക്കുരുടി വട്ടേക്കാട് പുളിനാട്ട് വീട്ടിൽ കോരത് വർക്കി പിതാവ്. മാതാവ് മറിയാമ്മ. 1920 ഒക്ടോബർ 10 ന് ജനനം. ബാല്യപ്രായം മുതൽ പിതാവിൽനിന്ന് ആത്മീയപാഠങ്ങൾ ആഭ്യസിച്ചു. കുറുപ്പുംപടി എം.ജി.എം. ഹൈസ്ക്കൂളിൽ വിദ്യാഭ്യാസം. ഒൻപതാം ക്ലാസ്സിൽ പഠിക്കുന്നതിനിടയിൽ യേശുവിനെ രക്ഷകനായി സ്വീകരിച്ചു. പത്താംക്ലാസ്സ് പൂർത്തിയാക്കിയതിന് ശേഷം ആറുമാസം ആദ്ധ്യാപകവൃത്തിയിൽ ഏർപ്പെട്ടു.

1945 ൽ പോസ്റ്റോഫീസിൽ ജോലിനേടി. ആദ്യനിയമനം കോയമ്പത്തൂരിൽ. കോയമ്പത്തൂരിലെ പ്രഥമ സഭാകൂടിവരവിലെ അംഗം. 1948 ൽ സുവിശേഷകൻ റ്റി.റ്റി. സ്കറിയ (പൂന്തല സ്കറിയ) യുടെ കൈക്കീഴിൽ വിശ്വാസ്നാനം സ്വീകരിച്ചു. 1949 ൽ അങ്കമാലി കാടമ്പനാട്ട് വീട്ടിൽ കോരത് വൈദ്യരുടെ മകൾ അന്നമ്മയെ വിഹാഹം കഴിച്ചു. ഇ.പി. വർഗ്ഗീസ് വിവാഹ ശുശ്രൂഷ നിർവ്വഹിച്ചു. 1955 വരെ കോയമ്പത്തൂരിൽ. വിശ്വാസ ജീവിതത്തിന്റെ വളർച്ചക്ക് ദൈവം നല്കിയ നല്ല നാളുകളായിരുന്നു അത്.

കോയമ്പത്തൂരിൽനിന്ന് ജോലി തൃശൂരിലേക്ക്. പിന്നീട് കൊല്ലം, ആലപ്പുഴ, കോട്ടയം എന്നിവിടങ്ങളിൽ. 1976 ൽ ജന്മനാടായ കുന്നക്കുരുടിക്ക് സമീപം കീഴില്ലത്തേക്ക് മാറ്റം. 1984 ൽ വിരമിക്കുന്നത് വരെ കീഴില്ലത്ത് തുടർന്നു. ദീർഘമായ 39 വർഷം മാതൃകയായി സർക്കാരിനെ സേവിച്ചു.

1976 മുതൽ കുന്നക്കുരുടി സഭയിലെ ഇടയശുശ്രൂഷ നിർവ്വഹിച്ച് വരുന്നു. ബൈബിൾ സാഹിത്യ പ്രവർത്തകസമിതി(ബി.എസ്.പി.എസ്.) വഴി 1986 മുതൽ സംഘടനാ പ്രവർത്തനത്തിലേക്ക്. ബി.എസ്.പി. എസ്സിന്റെ പ്രഥമ സെക്രട്ടറി. ഇവാഞ്ചലിക്കൽ ലിറ്ററേച്ചർ മിനിസ്ട്രീസിന്റെ ആരംഭത്തിന് നേതൃത്വം വഹിച്ചു.

വി.റ്റി. മത്തായിച്ചന്റെ നിർബന്ധപ്രകാരം 1987 മുതൽ സ്റ്റിവാർഡ് അസ്സോസിയേഷന്റെ പ്രവർത്തനങ്ങളിൽ സഹകരിക്കുന്നു. കൂടാതെ വിവിധ കമ്മറ്റികളിലെ അംഗം. ദൈവജനത്തെ ശക്തിപ്പെടുത്തുന്നതിനും വിശ്വാസത്തിൽ നിലനിർത്തുന്നതിനും യോഗ്യമായ ആലോചന പറഞ്ഞ് നല്കുന്നതിന് ദൈവം പ്രത്യേക കഴിവ് നല്കിയിട്ടുണ്ട്.

മക്കൾ: മേരി (എറണാകുളം) സാമുവേൽ (ഷാർജ) ജോൺ (ജോയി, അമേരിക്ക). ശാരിരിക ബലഹീനത നിമിത്തം ഭവനത്തിൽ വിശ്രമിക്കുന്ന കുരിയാക്കോസ് സാറിനെയും ഭാര്യയെയും പ്രാർത്ഥനയിൽ ഓർക്കുക.



1. പകയും വിദ്വേഷവും മനസ്സിൽ സൂക്ഷിക്കാതിരിക്കുക. പിണക്കം കൂടാതെ ജീവിക്കുക.
2. ലളിത ജീവിതം ആഗ്രഹിക്കുക. വലിയ ആഗ്രഹങ്ങളും സ്വപ്നങ്ങളും ഇല്ലാതെ ജീവിക്കുക. ഉണ്ണുവാനും ഉടുക്കുവാനും ഉണ്ടെങ്കിൽ മതി എന്ന് തിരിച്ചറിവാൻ ശ്രമിക്കുക.
3. കുടുംബത്തിൽനിന്ന് പ്രത്യേകിച്ച് ജീവിതപങ്കാളിയിൽ നിന്ന് ലഭിക്കുന്ന ശക്തിയാണ് മാനുഷികമായി ലഭിക്കുന്ന ഏറ്റവും വലിയ ശക്തി.
4. പുരുഷമേധാവിത്വത്തെക്കാൾ സ്നേഹത്തിനാണ് കുടുംബജീവിതത്തിൻ സ്ഥാനം നല്കേണ്ടത്.
5. വിശ്വാസികളെ (സഭാംഗങ്ങളെ) ഒന്നായികാണുവാൻ കഴിയുക. പക്ഷം ചേർന്ന് പ്രവർത്തിക്കാതിരിക്കുക. എല്ലാവരേയും പ്രോത്സാഹിപ്പിക്കുക.
6. തെറ്റ് സംഭവിച്ചാൽ ഭാര്യയോട്പോലും ക്ഷമ ചോദിക്കുക.
7. കഴിയുന്ന എല്ലാവർക്കും നന്മചെയ്യുക. പ്രത്യുപകാരം പ്രതീക്ഷിച്ച് ആർക്കും ഒന്നും ചെയ്യാതിരിക്കുക.
8. എതിർ അനുഭവങ്ങളെ സന്തോഷത്തോടെ സ്വീകരിക്കുവാൻ ശ്രമിക്കുക.
9. "സ്നേഹത്തിൽ കൂടെയെല്ലാം കാണുക. ദൈവസ്നേഹത്തിൽ തന്നെയെല്ലാം ചെയ്യുക". അപ്പോൾതന്നെ സ്നേഹത്തിൽ ശാസനയും ശിക്ഷണവും ഉണ്ട്.
10. അടക്കും ചിട്ടയുമുള്ള ജീവിതം നയിക്കുക. ചെയ്യേണ്ടത് കൃത്യസമയത്ത് ചെയ്തുതീർക്കുക. സമയത്തിന്റെ വില മനസ്സിലാക്കി പ്രവർത്തിക്കുക.

# BRETHREN MOVEMENT AND THE LAW



**Dr. Johnson C. Philip**

Many ask whether the believer need to concern himself with the laws of the land. This is surprising because the Scripture speaks on numerous occasions about the law of the land and exactly how the believer is to relate to them.

The Scripture requires Christians to be law-abiding, tax-paying, patriotic citizens. The Scripture also allows them to seek the help of the law when their life or welfare is threatened. However, believers often get confused because of a passage in Corinthians where believers are exhorted to bear oppression and exploitation without going to the law.

What many people often overlook is that the instruction in Corinthians is mainly about court cases between God's people. The Scripture suggests that it would be more pleasing to God if believers simply face injustice done against them by their brothers and leave it upon God. The principle being that while the human courts can give relief, it cannot do what the all-knowing God can and does do. Those who are able to understand and appropriate this principle would benefit greatly in their spiritual life and also in the rewards that come their way from God.

Since the warning is basically against exploitation by believers, it in no way forbids believers from seeking legal help when they are oppressed or tortured. The law is meant to give security to citizens, and as patriotic and law-abiding citizens it is very much within our right to seek legal help when it becomes necessary – particularly when it relates to matters related to evangelism and church-related activities.

A good example from Brethren history comes from Angamally. Enemies of the gospel dug up the coffin of Lonappan Upadeshi at night and placed it upon the front wall of the house to mock the Upadeshi. The church members then had to seek legal and police help to bury the body again – this time in the back-yard of their own house. Law is meant to help citizens, and law-abiding citizens should use it when it is appropriate.

# PUBLIC ADDRESS SYSTEMS

It seems that almost every church has a public address system these days, even if they do not really need it. What many of them do not realize it that certain very strict laws apply to the use of these sound-systems, even if they are used within the confines of a church building.

For example, there is a strict requirement that the sound shall not be loud enough to go beyond 50 feet from the church boundary. There is also restriction about time, so that one cannot use the sound-system freely after 10 PM. All this is part of modern government regulations that have been imposed to control sound-pollution in India.

If churches fail to comply with these laws, they can lose their freedom to use sound-systems. This happened some times back in a church close to where I live. They were so noisy that one could hear them on the main road, a few hundred feet from the church. Soon one of the neigbours took them to court.

The court found two things about this church. First, they were making such noise that it surely was a nuisance for people who lived even a long distance from this church. Second, the court found that this was a violation of the laws that regulate sound pollution. Thus the court came down heavily against the church and asked it to restrict sound in such a way that those who lived in nearby houses were not affected. As a result, this church had to totally abandon the use of its sound-system.

A little care, a little more concern about the neighbours, and an awareness of the laws that govern sound-pollution could have saved this church from such a serious restriction.

# Brethren Theological College

The town of Kallisseri in Kerala (situated between Tiruvalla and Chengannur on the highway) played a very important role when the Brethren movement was born more than a century ago. The churches in this area have shown great growth and today there are a number of assemblies in Kallisseri.

Recently the Lord gave a burden to a number of brothers from this place to start a Theological College to equip the next generation of young people. A building known as Gospel Hall owned by the Puthethu family was made available freely for this purpose. The three-story building has plenty of facility to accommodate students, faculty, library and classrooms.

After discussing all aspects of such a ministry, a Trust was formed with Professor Jacob Thomas of Kallisseri as the Chairman and AC Thomas of Kallisseri as the Secretary. The Trust has 13 members, and has already received endorsement from numerous brothers worldwide either formally or informally.

A group of highly qualified men from India and abroad have already joined the faculty and more have expressed a willingness to join. The day-to-day activities will be managed by Biju Mathew who will function as the director, and who will take over as the next principal when the first principal retires in 2014. Dr. Johnson C. Philip has consented to serve as the first principal of BTC. He has expressed a desire to retire at 60 because he feels that the tendency to cling life-long to a given post is unbiblical. Dr. Saneesh Cherian will be the Academic Dean.

BTC is a faith ministry, and it will be publishing its accounts of income and expense as part of its commitment to transparency of operations.

# GOVERNMENT REGISTRATION AND CHURCHES

India is one of the most free countries in the world, and the freedom to practice and propagate one's faith is amazingly broad in our motherland. However, freedom often results in misuse and often new laws and restrictions are often needed to ensure that such freedoms are not misused by many more. Thus there has been an increasing number of laws that touch upon religious practices.

Unfortunately, most people never have to come in direct contact with the law, and therefore they remain ignorant of legal developments in the country. As a result they are often ill prepared to face the law when it demands something from as per the newly enacted laws.

For example, there are now strict laws that govern the use of loudspeakers in public or in private. Road-side assembling of people is forbidden by the court in Kerala state, particularly when such an assembling takes place in a busy state. So heavily have the courts come against public gathering on roads that even powerful political parties that ruled Kerala were not able to go against it.

Then there are rules related to registration of properties, buildings, and other such items. There are also rules related to keeping an accurate register of membership, births, deaths, and marriages. While none of them is needed when all is going well, a court can easily pass stipulations against a church if it fails to produce such records when there is a court-case against the church – and court cases against the church are on the increase.

Thus it is good and wise for our churches to carefully examine their properties, their activities, and other matters that have now come under various legal stipulations so that they can begin to comply with them. Things would take place easily if they begin today, but matters would be very late if they try to comply with these laws after they face a problem.

## ഫലമേകിയ വചനവിത്തുകൾ 4-ാം പേജിന്റെ തുടർച്ച

ത്തിരുന്ന, ശപിച്ചിരുന്ന യേശുകർത്താവിന്റെ മുന്നിൽ തന്റെ ജീവിതത്തെ വീണ്ടും സമർപ്പിച്ചു.

അടുത്ത ചില ദിവസങ്ങൾ പിതാവും മകളും ഒരുമിച്ചു ചിലവഴിച്ചു. ജീവിതത്തിൽ ഒരിക്കലും അവർക്കു ലഭിച്ചിട്ടില്ലാത്ത, അവിസ്മരണീയമായ, ഊഷ്മളമായ, മാധുര്യമേറിയ നിമിഷങ്ങൾ.

ആഗിയും ഭർത്താവും താമസിയാതെ അമേരിക്കയിലേക്കു മടങ്ങി. അതിന്റെ ചില ആഴ്ചകൾക്കുള്ളിൽത്തന്നെ വളരെ ശാന്തതയോടെ 'കർത്തൃദാസൻ' ഡേവിഡ് ഫ്ളഡ് തീരശ്ശീലക്കുള്ളിൽ മറഞ്ഞു.

ചില വർഷങ്ങൾക്കുശേഷം ലണ്ടനിൽ നടന്ന ഒരു മിഷനറി കോൺഫ്രൻസിൽ ആഗിയും ഭർത്താവും പങ്കെടുക്കാനിടയായി. അവിടെ സായിരെ (പഴയ ബെൽജിയൻ കോംഗോ)യിൽ നിന്നെത്തിയ തദ്ദേശീയ സഭാനേതാവ് അവിടുത്തെ സുവിശേഷപ്രവർത്തനത്തെക്കുറിച്ചും, വിശേഷാൽ സഭയുടെ ത്വരിതഗതിയിലുള്ള വളർച്ചയെക്കുറിച്ചും സംസാരിച്ചു. അവിടെ ഇപ്പോൾ ഒരു ലക്ഷത്തിപ്പതിനായിരത്തോളം വിശ്വാസികൾ ഉണ്ടത്രേ!

അദ്ദേഹത്തിന്റെ റിപ്പോർട്ട് തീർന്ന മാത്രയിൽ ആഗി അദ്ദേഹത്തിന്റെ അടുത്തേക്ക് ഓടിയെത്തി. "ഡേവിഡ് ഫ്ളഡിനെക്കുറിച്ചും സ്വേയാ ഫ്ളഡിനെക്കുറിച്ചും നിങ്ങൾ കേട്ടിട്ടുണ്ടോ?" അവൾ ആരാഞ്ഞു.

"കേട്ടിട്ടുണ്ടോയെന്നോ?" അയാൾ പറഞ്ഞു. സ്വേയാ മദാമ്മയാണ് മാഡം, എന്നെ യേശു കർത്താവിനെ പരിചയപ്പെടുത്തി, രക്ഷയിലേക്കു നടത്തിയത്. അവർക്കു ഭക്ഷണം എത്തിച്ചുകൊണ്ടിരുന്ന ബാലനാണ് ഞാൻ!"

"ഫ്ളഡ് ദമ്പതികൾക്കു ൻഡോലെരാ ഗ്രാമത്തിൽ വച്ചു ജനിച്ച പെൺകുഞ്ഞാണു ഞാൻ!" ആഗി സ്വയം പരിചയപ്പെടുത്തി! ആനന്ദാശ്രുക്കളോടെ, തേങ്ങിക്കരഞ്ഞു കൊണ്ട്, ഇരുവരും ആശ്ലേഷബദ്ധരായി, ഏറെനേരം അങ്ങനെ തന്നെ നിന്നു പോയി.

അയാൾ തുടർന്നു. "നിങ്ങളുടെ അമ്മ ഇന്നു ഞങ്ങളുടെ രാജ്യത്ത് ഏറ്റവും ആദരിക്കപ്പെടുന്ന വ്യക്തിത്വങ്ങളിലൊന്നാണ്, ഒരു പക്ഷേ ഏറ്റവുമധികം സ്നേഹിക്കപ്പെടുന്ന വ്യക്തിയും! നിങ്ങൾ ആഫ്രിക്കയിലേക്കു വന്നേ പറ്റൂ!"

ഏറെത്താമസിയാതെ ആഗിയും ഭർത്താവ് ഡ്യൂവിയും സന്ദർശനാർത്ഥം സായിരെയിലേക്കു പോയി. പോയിടങ്ങളിലെല്ലാം ആയിരക്കണക്കിന് ഗ്രാമവാസികൾ അവരുടെ പ്രിയപ്പെട്ട സ്വേയാ മദാമ്മയുടെയും ഡേവിഡ് സായിപ്പിന്റേയും മകളേയും ഭർത്താവിനെയും കാണുവാൻ തടിച്ചുകൂടി. ഏറ്റവും ഊഷ്മളമായ ഒരു വരവേൽപ്പാണ് അവർക്കു ലഭിച്ചത്. സ്വേയയും ഡേവിഡും ഗ്രാമം വിട്ട് ഓടിപ്പോകുമ്പോൾ പിഞ്ചു കുഞ്ഞായിരുന്ന ആഗിയെ അവളുറങ്ങിക്കിടന്ന തുണി തൊട്ടിലോടുകൂടി എടുത്തുകൊണ്ടു മലയിറങ്ങിയ മനുഷ്യനേയും അവർക്കു കാണാനിടയായി.

അവരുടെ ആഫ്രിക്കൻ സന്ദർശനത്തിലെ ഏറ്റവും നാടകീയവും അതിലേറെ ധന്യവും വികാരനിർഭരവുമായ മുഹൂർത്തം ആഗിയുടെ മാതാവിന്റെ ശവകുടീരം കാണാൻ പോയതായിരുന്നു. തന്റെ അമ്മയുടെ പേർ അങ്കിതമായ ഒരു മരക്കുരിശ് ആ പ്രാകൃതമായ ശവക്കൂനയുടെ ശിരോഭാഗത്ത് അപ്പോഴും ഉണ്ടായിരുന്നു. അവിടെ, തന്റെ പ്രിയമാതാവിന്റെ സ്മരണക്കുമുന്നിൽ രണ്ടിറ്റു കണ്ണീർക്കണങ്ങൾ വീഴ്ത്തി അവർ അവിടെ നിന്നും യാത്രയായി.

ആഫ്രിക്കൻ യാത്രയുടെ ഒടുവിൽ, അവർ പങ്കെടുത്ത സഭായോഗത്തിൽ, ശുശ്രൂഷകൻ ഉറക്കെ വായിച്ചു, "*സത്യമായിട്ടും സത്യമായിട്ടും ഞാൻ നിങ്ങളോടു പറയുന്നു, കോതമ്പു മണി നിലത്തു വീണു ചാകുന്നില്ല എങ്കിൽ അതു തനിയെ ഇരിക്കും, ചത്തു എങ്കിലോ വളരെ വിളവുണ്ടാകും*" (യോഹ 12:24). തുടർന്നു അദ്ദേഹം വായിച്ചു, "*കണ്ണുനീരോടു കൂടെ വിതയ്ക്കുന്നവൻ ആർപ്പോടു കൂടെ കൊയ്യും*" (സങ്കീർത്തനം 126:5).

*മാസികാ സംബന്ധമായ കത്തിടപാടുകൾ, രചനകൾ, കുറിപ്പുകൾ, നിർദ്ദേശങ്ങൾ എന്നിവ അയയ്ക്കേണ്ട വിലാസം*

**ചീഫ് എഡിറ്റർ**
ഇന്ത്യൻ ബ്രദറൺ
പി.ബി. നമ്പർ 36
കുമ്പനാട് 689 647, കേരളം

## പൗലോസിന്റെ ജീവിതദർശനം 3-ാം പേജിന്റെ തുടർച്ച

ഇവിടെ ക്രിസ്തുവിലും, ക്രിസ്തുവിനുവേണ്ടിയും, ക്രിസ്തു ആയിട്ടും ജീവിച്ചശേഷം, ആക്ഷരികമായി ക്രിസ്തുവിനോടുകൂടെ എന്നേക്കുമിരിക്കുന്ന അവസ്ഥ. ക്രിസ്തു സാന്നിദ്ധ്യത്തിലേക്കുള്ള ഈ കവാടത്തെ നാം മരണം എന്നു വിളിക്കുന്നു എങ്കിലും ജീവിതവ്യാപാരത്തിന്റെ ലാഭക്കൊയ്ത്താണത്.

ഈ ജീവിതദർശനം പൗലൊസിന് സുഖകരമായ ഒരു പ്രശ്നം സൃഷ്ടിക്കുന്നുണ്ട്. അദ്ദേഹം പറയുകയാണ് " എന്നാൽ ജഡത്തിൽ ജീവിക്കുന്നതിനാൽ എന്റെ വേലയ്ക്കു ഫലം വരുമെങ്കിൽ ഏതു തെരഞ്ഞെടുക്കേണ്ടു എന്നു ഞാൻ അറിയുന്നില്ല. ഇവ രണ്ടിനാൽ ഞാൻ ഞെരങ്ങുന്നു. വിട്ടുപിരിഞ്ഞു ക്രിസ്തുവിനോടുകൂടെ ഇരിപ്പാൻ എനിക്ക് കാംക്ഷയുണ്ട്. അത് അത്യുത്തമമല്ലോ. എന്നാൽ ഞാൻ ജഡത്തിൽ ഇരിക്കുന്നത് നിങ്ങൾ നിമിത്തം ഏറെ ആവശ്യം" (ഫിലി. 1: 22-24).

മരണത്തിനും ജീവിതത്തിനുമിടയിൽ ഒരു തെരഞ്ഞെടുപ്പ് നടത്താൻ അപ്പോസ്തലൻ ബുദ്ധിമുട്ടുകയാണ്. 'ഞാൻ രണ്ടിനാൽ ഞെരുങ്ങുന്നു' എന്നാണ് ഏറ്റു പറച്ചിൽ. വിശ്വസാഹിത്യത്തിൽ ഇത്തരമൊരു ആവിഷ്കാരം കണ്ടെത്താനാകും. ഷെയ്ക്സ്പിയറിന്റെ 'ഹാംലെറ്റി'ൽ. കഥാനായകനായ ഹാംലെറ്റിനും പ്രശ്നം ഇതുതന്നെയാണ്. "ഇരിക്കുകയോ, മരിക്കുകയോ, അതാണ് പ്രശ്നം" എന്ന് അയാൾ ആത്മഗതം ചെയ്യുന്നു. രണ്ടും അയാൾ വെറുക്കുന്നു. മരിച്ചാൽ ഒരു കടും കൈ ചെയ്യാതിരിക്കാം. ജീവിച്ചാൽ അതു ചെയ്യണം. അതായത് പിതൃസഹോദരനെ കൊല്ലണം. കൊന്നില്ലെങ്കിൽ സ്വന്തം പിതാവിന്റെ കൊലയാളിയോട് പ്രതികാരം ചെയ്യാൻ പറ്റുകയില്ല. അങ്ങനെയെങ്കിൽ ജീവിക്കുകയാണ് വേണ്ടത്. രണ്ടിനാലും ഞെരുങ്ങുകയാണ് ഡെൻമാർക്കിലെ ആ രാജകുമാരൻ. ജീവിതവും മരണവും ഒരുപോലെ അനഭിലഷണീയം. എന്നാൽ ക്രിസ്തുവിന്റെ ദാസൻ ഞെരുങ്ങുന്നത് രണ്ടും വളരെ ഉത്തമവും അഭിലഷണീയവുമായതുകൊണ്ടാണ്. ഇരുന്നാൽ യജമാനനെ ഇനിയും സേവിക്കാം. മരിച്ചാൽ യജമാനനോടുകൂടി എന്നും സന്തോഷിക്കാം. ജീവിക്കുന്നതു ക്രിസ്തു ആയിരിക്കുന്നതുകൊണ്ട് മരിക്കുന്നതു ലാഭം. ഈ ജീവിചരിത്രത്തിന്റെ ഗുണപാഠവും ഇതു തന്നെ.

*(തുടരും)*

## പബ്ലീഷർ എഴുതുന്നു

ഇന്ത്യൻ ബ്രദറൺ എന്ന ക്രിസ്തീയ പ്രസിദ്ധീകരണം വീണ്ടും നിങ്ങളുടെ കൈകളിൽ എത്തിച്ചേർന്നിരിക്കുന്നു. നിങ്ങളുടെ വിലയേറിയ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ദയവായി ഞങ്ങളെ അറിയിച്ചാലും. ആത്മീകാഭിവൃദ്ധി ലക്ഷ്യമിട്ടുള്ള ഒരു ശുശ്രൂഷയാണിത്. പ്രാർത്ഥന അനിവാര്യമാണ്. സഹകരണ പ്രതീക്ഷകളോടെ..

പബ്ലീഷർ

പി.ബി. നമ്പർ 38
കുമ്പനാട്
കേരളം – 689647
ഫോൺ: 9495204611
indianbrethrennews@gmail.com
www.indianbrethren.org

MONTHLY
# Indian Brethren
സത്യവചനം സാഹോദര്യം സ്വാതന്ത്ര്യം സഹവർത്തിത്വം

വാർഷിക വരിസംഖ്യ ₹ 60
2011 JUNE
For private circulation only

## ഡോ. അലക്സാണ്ടർ കുര്യനും ഡോ. സണ്ണി എഴുമറ്റൂരിനും അവാർഡ്

**ഹ്യൂസ്റ്റൺ:** അമേരിക്കയിലെ മലയാളി ബ്രദറൺ സമൂഹത്തിന്റെ സാഹിത്യസംരംഭമായ ബൈബിൾ ലിറ്ററേച്ചർ ഫോറം പ്രസിദ്ധ ക്രൈസ്തവ എഴുത്തുകാരായ ഡോ. അലക്സാണ്ടർ കുര്യനും ഡോ. സണ്ണി എഴുമറ്റൂരിനും അവാർഡുകൾ നല്കി.

ജൂൺ 4 ശനി കൊളോണിയൽ ഹിൽസ് ബൈബിൾ ചാപ്പലിൽ നടന്ന സമ്മേളനത്തിൽ ഡോ. സണ്ണി എഴുമറ്റൂർ അദ്ധ്യക്ഷനായിരുന്നു. അവാർഡ് ജേതാക്കളുടെ സാഹിത്യ സംഭാവനകളെ ബ്രദർ മാത്യു കുരവയ്ക്കൽ പരിചയപ്പെടുത്തി. ബ്രദർ കൊച്ചുബേബി, ബ്രദർ മാത്യു വൈരമൺ എന്നിവർ അവാർഡുകൾ സമ്മാനിച്ചു.

കൊച്ചുബേബി, സാംകുട്ടി ഏബ്രഹാം, അനീഷ് തങ്കച്ചൻ എന്നിവർ പുതിയ സാഹിത്യസൃഷ്ടികൾ അവതരിപ്പിച്ചു. ഡോ. അലക്സാണ്ടർ കുര്യൻ, ബ്രദർ സി. എം. ജോൺ കുണ്ടറ എന്നിവർ പ്രസംഗിച്ചു. സാമുവേൽ തോമസ്, മാത്തുക്കുട്ടി മാത്യൂ, ചാക്കോ മത്തായി, അലക്സാണ്ടർ ദാനിയേൽ എന്നിവർ വിവിധ ശുശ്രൂഷകൾ നിർവ്വഹിച്ചു. പി.റ്റി. ഫിലിപ്പ് സ്വാഗതവും മാത്യു വൈരമൺ കൃതജ്ഞതയും പ്രകാശിപ്പിച്ചു.

അമേരിക്കയിലുള്ള മലയാളി ബ്രദറൺകാരെ സാഹിത്യരചനയിലും ആസ്വാദനത്തിലും പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തിൽ രൂപം കൊണ്ടിട്ടുള്ള ഒരു ആത്മീക സംരംഭമാണ് ബൈബിൾ ലിറ്ററേച്ചർ ഫോറം.



*ഡോ. അലക്സാണ്ടർ കുര്യനും ഡോ. സണ്ണി എഴുമറ്റൂരിനുമൊപ്പം പി.റ്റി. ഫിലിപ്പ്, മാത്യു വൈരമൺ, മാത്യു കുരവയ്ക്കൽ, കൊച്ചുബേബി എന്നിവർ*

## സത്യസന്ധതയിലൂടെ ജീവിതവിജയം നേടുക: കെ. വി. മാത്യു

**റാന്നി.** ജീവിതവിജയം ഉറപ്പിക്കേണ്ടത് സത്യസന്ധതയിലൂടെ മാത്രമായിരിക്കണമെന്ന് ബ്രദർ. കെ. വി. മാത്യു. ബാല്യത്തിലും യൗവ്വനത്തിലും മാത്രമല്ല ആയുസ്സിനൊടുവോളം കരുതിക്കൊള്ളേണ്ട സദ്ഗുണമാണ് സത്യസന്ധത. വിദ്യാർത്ഥി ലോകം ഇതിൽ പിന്നോക്കം പോകരുത്. റാന്നി സെന്റർ സുവിശേഷകൻ ബാലസംഘം എസ്. എസ്. എൽ. സി., +2 വിജയികളെ ആദരിക്കുവാൻ ചേർന്ന സമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

ജൂൺ 4 ശനി രാവിലെ 9 മുതൽ 1: 30 വരെ ബ്രദറൺ ഓഡിറ്റോറിയത്തിൽ നടന്ന സമ്മേളനത്തിൽ ബ്രദർ വി.കെ. മാത്യു അദ്ധ്യക്ഷനായിരുന്നു. ഓപ്പറേഷൻ മൊബൈലെസേഷന്റെ സഞ്ചരിക്കുന്ന പുസ്തകശാലയായ ലോഗോസ് ഹോപ്പ് കപ്പലിൽനിന്നെത്തിയ അഞ്ച് പ്രവർത്തകർ വിവിധ പരിപാടികൾ അവതരിപ്പിച്ചു. ബ്രദർ വി. റ്റി. തോമസ് പുരസ്കാരങ്ങൾ നല്കി അതിഥികളെ ആദരിച്ചു.

ഉന്നതവിജയം നേടിയ 8 വിദ്യാർത്ഥികൾക്ക് കാഷ് അവാർഡും 27 പേർക്ക് മൊമെന്റോയും സമ്മാനിച്ചു. അവാർഡുകൾ പ്രൊഫ. ഹാപ്പി ഏബ്രഹാമും തോമസ് മാത്തുണ്ണിയും നല്കി. സഹോദരന്മാരായ ജോർജ്ജ് ഏബ്രഹാം, പി. റ്റി. ഫിലിപ്പ്, റ്റി. സി. തോമസ് എന്നിവർ ക്യാഷ് അവാർഡുകൾ സ്പോൺസർ ചെയ്തു.

കെ. എം. ജോൺസൻ, ജേക്കബ് തോമസ്, ജോർജ്ജ് മാത്യു, സാനു കോശി, ജേക്കബ് പി. തോമസ്, ജോമോൻ വെട്ടാപ്പാല, ജോബി ജെയിംസ് എന്നിവർ വിവിധ ശുശ്രൂഷകൾ നിർവ്വഹിച്ചു. ഫെബിൻ ജോൺസ് കൃതജ്ഞത പ്രകാശിപ്പിച്ചു. കുട്ടികളും മാതാപിതാക്കളുമായി 250ലധികം പേർ പങ്കെടുത്തു.

## യൂത്ത് റിട്രീറ്റ് തിരുവല്ലയിൽ

**തിരുവല്ല:** യുവാക്കളെ വിശ്വാസ പോരാട്ടത്തിൽ ശക്തിപ്പെടുത്തുന്നതിന് യൂത്ത് റിവൈവൽ ഏകദിനസമ്മേളനം നടത്തുന്നു. ജൂലൈ 9 ശനി രാവിലെ 9: 00 മുതൽ 3: 30 വരെ തിരുവല്ല ബിലീവേഴ്സ് ഓഡിറ്റോറിത്തിൽ നടക്കുന്ന സമ്മേളനത്തിൽ സഹോദരന്മാരായ ജോയ് ജോൺ, ബിജു ആലടി എന്നിവർ മുഖ്യസന്ദേശം നല്കും.

ബയോസിസ് മ്യൂസിക് ബാൻഡ് ഗാനാവതരണം നടത്തും. യൂത്ത് റിവൈവൽ പ്രവർത്തകർ സമ്മേളനത്തിൽ വിവിധ ശുശ്രൂഷകൾ നിർവ്വഹിക്കും. വിശ്വാസ പാതയിൽ വിജയം ആഗ്രഹിക്കുന്ന യുവതിയുവാക്കൾക്ക് പങ്കെടുക്കാം. ഫോൺ: 9446015497, 9847999062

## ഉപദേശ പഠന സെമിനാർ

**പെരുമ്പാവൂർ.** ഗോസ്പൽ ട്രെയിനിംഗ് സെന്ററിൽ ഇംഗ്ലീഷ് മാധ്യമത്തിൽ ജൂലൈ 4 മുതൽ 24 വരെ ഉപദേശപഠന സെമിനാർ നടക്കും.

ഗൾഫിൽനിന്നും അവധിക്കെത്തുന്ന 15 മുതൽ 17 വരെ പ്രായമുള്ള വിദ്യാർത്ഥികളുടെ പഠന സൗകര്യം ലക്ഷ്യമിട്ടാണ് സെമിനാർ ഒരുക്കുന്നത്. ഉപദേശസത്യങ്ങളിൽ വരുംതലമുറ നിശ്ചയം പ്രാപിക്കണമെന്ന മാതാപിതാക്കളുടെ സദ്ദുദ്ദേശത്തിനാണ് ട്രെയിനിംഗ് സെൻർ കളമൊരുക്കുന്നത്.

ഏബ്രഹാം ചെമ്പോല, പി. ജി. ജയിംസ്, സജീവ് വർഗീസ്, കെ. സി. ജോൺസൻ, ജോമോൻ തോമസ്, ജോൺസൻ സി. ഫിലിപ്പ്, ജോയി ജോൺ, ജോസ് മാത്യൂസ്, ബിജു ആലടി എന്നിവർ ക്ലാസ്സുകൾ നയിക്കും.

## സുവിശേഷവുമായി 11 കോണ്ടാ യുവാക്കൾ ആന്ധ്രയിൽ

**വിജയനഗരം.** കോണ്ടാ ആദിവാസികളായ 11 യുവാക്കളെ മൂന്നു മാസം തീവ്ര വചനപരിശീലനം നല്കി ക്രിസ് സാമുവേൽ മിനിസ്ട്രീസ് ഗ്രാമസുവിശേഷീകരണത്തിന് പ്രാർത്ഥിച്ചു അയച്ചു. ആന്ധ്രയുടെ ആദിവാസിമേഖലകളിൽ ക്രിസ്തുവിനു പകരം ആത്മരക്ഷയുടെ സന്ദേശം അവർ പങ്കുവയ്ക്കും. ജൂൺ 8ന് നടന്ന ഗ്രാജുവേഷൻ സമ്മേളനത്തിൽ നൂറിലധികം വിശ്വാസികൾ പങ്കെടുത്തു. പുതിയനിയമ മാതൃകയിലുള്ള സ്ഥലംസഭാ രൂപികരണ ലക്ഷ്യത്തിൽ നടത്തുന്ന ഈ പ്രവർത്തനങ്ങളെ പ്രാർത്ഥനയിൽ ഓർത്താലും.

## വാളകം സെന്റർ പ്രതിഭകളെ ആദരിക്കുന്നു

സുവിശേഷകൻ ബാലസംഘം വാളകം സെന്റർ ഇക്കഴിഞ്ഞ എസ്. എസ്. എൽ. സി., +2 പരീക്ഷകളിൽ ഉന്നതവിജയം നേടിയ സംഘാംഗങ്ങളെ ആദരിക്കുന്നു.

ആഗസ്റ്റ് 13 ന് വാളകം ബ്രദറൺ ചർച്ചിൽ നടക്കുന്ന പൊതുസമ്മേളനത്തിൽ ബ്രദർ വർഗീസ് കുര്യൻ അവാർഡുകൾ സമ്മാനിക്കും. വാളകം സെന്റർ വിവിധ പരിപാടികൾ അവതരിപ്പിക്കും.

## സ്പെഷ്യൽ ക്യാമ്പ്

**പുത്തൻകാവ്.** വിദേശരാജ്യങ്ങളിൽ നിന്നും അവധിക്കു നാട്ടിലെത്തുന്ന വിദ്യാർത്ഥികൾക്കായി എസ്. ബി.എസ്. സ്പെഷ്യൽ ക്യാമ്പ് പുത്തൻകാവ് എസ്. ബി. എസ്. ക്യാമ്പ് സെന്ററിൽ വച്ച് ഓഗസ്റ്റ് 2 ന് ആരംഭിക്കും. ഓഗസ്റ്റ് 5 ന് ഉച്ചയ്ക്ക് 1: 30ന് സമാപിക്കും.

## സ്വർഗ്ഗീയധ്വനി

**ചാമംപതാൽ.** ഉള്ളായം ക്രിസ്ത്യൻ ബ്രദറൺ ചർച്ചിന്റെ യുവജനസംഗമം ചർച്ച് ഹാളിൽ ജൂൺ 26 വൈകുന്നേരം 5ന് ആരംഭിക്കും. 4 മണിക്കൂർ ദൈർഘ്യമുള്ള സമ്മേളനത്തിൽ എബി കെ. ജോർജ്ജ് മുഖ്യസന്ദേശം നല്കും. യുവജനങ്ങളുടെയും സൺഡേസ്കൂൾ വിദ്യാർത്ഥികളുടെയും വിവിധ പരിപാടികൾ അവതരിപ്പിക്കും. ബിജു ഏബ്രഹാം, ഷിബു കുര്യാക്കോസ്, ജോജി ജോസഫ്, ജോസി ജോസഫ് എന്നിവർ നേതൃത്വം നല്കും.

## മാസവേല കൂത്താട്ടുകുളത്ത് നടന്നു

**കൂത്താട്ടുകുളം.** വടക്കൻ മേഖലയിലെ സഭകളുടെ ചുമതലയിൽ നടന്നുവരുന്ന മാസവേല ജൂൺ 8 മുതൽ 11 വരെ കൂത്താട്ടുകുളം ക്രിസ്ത്യൻ ബ്രദറൺ ചർച്ചിൽ നടന്നു.

ഭവനസന്ദർശനങ്ങളും രാത്രിയോഗങ്ങളും പരസ്യയോഗങ്ങളും പ്രധാനപരിപാടികൾ ആയിരുന്നു. ബ്രദർ റോയി ചാലിൽ ബൈബിൾ ക്ലാസ് എടുത്തു. രാത്രിയോഗങ്ങളിൽ ബന്നി ചാക്കോച്ചൻ സന്ദേശം നൽകി. 62 സഹോദരന്മാർ ശുശ്രൂഷകളിൽ പങ്കെടുത്തു. അടുത്ത മാസവേല ഉഴവൂർ സഭയുടെ ചുമതലയിൽ ജൂലൈ 6 മുതൽ 9 വരെ നടക്കും.

## രോഗികൾക്കായി പ്രാർത്ഥിക്കുക

**നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു**

കെ.എ. തോമസ് ഹൃദയശസ്ത്രക്രിയ്ക്ക് ശേഷം വിശ്രമിക്കുന്നു. എം. പി. ഏബ്രഹാം എരുമത്തടത്തിൽ, അമിച്ചിക്കര ചികിത്സയിൽ. സുവി. പി.റ്റി. തോമസ് ആൻജിയോപ്ലാസ്റ്റി കഴിഞ്ഞ് വെല്ലൂരിൽ വിശ്രമിക്കുന്നു. സാബു വർഗീസ് മേവാർഡ് സിൻഡ്രം. അടിയന്തര പ്രാർത്ഥന ആവശ്യം. അനീഷ് ജേക്കബ്. സുധ (12) വയറ്റിൽ മുഴ. ഓപ്പറേഷൻ നിർദ്ദേശിച്ചിരിക്കുന്നു. അക്സാമോൾ (2 മാസം) അപൂർവ്വരോഗം ബാധിച്ച് ബാംഗ്ലൂരിൽ ചികത്സയിൽ. പാംപിലോസ് ബാഗ്. സ്ട്രോക്കിനെ തുടർന്ന് ചികത്സയിൽ. ശശിധരൻ. ഓയൂർ സഭാംഗം. ഹൃദയ ശസ്ത്രക്രിയ നിർദ്ദേശിച്ചിരിക്കുന്നു. സുവി. എൻ. ആർ. നാഗേന്ദ്രൻ ഹൃദ്രോഗം. മധുര ഹോസ്പിറ്റലിൽ. ഏബ്രഹാം പണിക്കർ (63) ക്യാൻസർ ചികത്സയിൽ. അഞ്ചൽ സഭാംഗം. സുവി. സോളമൻ നമ്പൂർ. കിഡ്നി തകരാറിൽ. സുവി. സോളമൻ പ്രധാൻ. പ്രഷർ വർദ്ധിച്ച് ചികിത്സയിൽ. മോളി രാജൻ (സുവി. രാജൻ മാത്യുവിന്റെ ഭാര്യ) കരളിന് ക്യാൻസർ. പെർസിസ് (സുവി. ജോസഫ് പീറ്ററിന്റെ മകൾ) ബ്രെയിൻ റ്റുമർ. സുവി. സി.എം. ചാക്കോയുടെ സഹോദര ഭാര്യ സാറാമ്മ (50) ക്യാൻസർ ചികത്സയിൽ. ബിന്ദു വെള്ളയിൽ (സുവി. റ്റി.വി. ഷാജന്റെ ഭാര്യ). സീന, സുവിശേഷകൻ ശീമോന്റെ ഭാര്യ

## ഇൻർനാഷണൽ ബ്രദറൺ കോൺഫറൻസ്: വിജയകരമായ സമാപനം

**സ്ട്രാസ്ബർഗ് (ഫ്രാൻസ്).** ഞാൻ എന്റെ സഭയെ പണിയും എന്ന ചിന്താവിഷയത്തെ അധികരിച്ചു ജൂൺ 13–17 വരെ അന്തർദേശീയ ബ്രദറൺ കോൺഫറൻസ് ഫ്രാൻസിൽ നടന്നു. ഇൻഡ്യയിൽനിന്ന് ഏബ്രഹാം തോമസ്, ഷാലു റ്റി. നൈനാൻ, എം.എ. ജോയി, സി. വി. വടവന, രാജു കെ.തോമസ്, എം. കെ. സണ്ണി, ഡേവിഡ് എലിയ, സോളമൻ നമ്പൂർ എന്നിവർ പങ്കെടുത്തു.

90 രാജ്യങ്ങളിൽ നിന്നായി 500 അംഗങ്ങൾ അഞ്ചുദിനം നീണ്ടുനിന്ന സമ്മേളനത്തിൽ പങ്കെടുത്തു. ഏബ്രഹാം തോമസും ഷാലു റ്റി. നൈനാനും ഭാരതത്തിലെ സുവിശേഷ പ്രവർത്തനങ്ങളെയും കുട്ടികളുടെ മദ്ധ്യേ നടക്കുന്ന എസ്.ബി.എസ് പ്രവർത്തനങ്ങളെയും പവ്വർ പോയിന്റ് പ്രസന്റേഷനിലൂടെയും പരിചയപ്പെടുത്തി.

നൂറ്റി ഇരുപതോളം ബ്രദറൺ സഭകളുള്ള പാക്കിസ്ഥാനിൽനിന്നെത്തിയ സുബൈൽ റൂബിൻ ജാതികളുടെ മദ്ധ്യേയുള്ള ആത്മീകദൗത്യം എന്ന വിഷയം അപ്പോസ്തല പ്രവൃത്തി 10,11 അദ്ധ്യായങ്ങളിൽനിന്നായി സംസാരിച്ചു.

37 ഓളം വ്യത്യസ്ത വിഷയങ്ങളിൽ പഠനങ്ങളും ചർച്ചകളും നടന്നു. സഭാവളർച്ചയിൽ നിർണ്ണായകമായ സാധ്യതകൾ സമ്മാനിക്കുന്ന ഒന്നായിരുന്നു സമ്മേളനം. ലോകമൊട്ടാകെ സമാനസമ്മേളനങ്ങൾ സംഘടിപ്പിക്കുവാൻ സംഘാടകർ തയ്യാറെടുക്കുന്നു. നാലു വർഷത്തിലൊരിക്കലാണ് ഇത്തരം മീറ്റിംഗുകൾ ഒരുക്കുന്നത്.



*വേൾഡ് ബ്രദറൺ കോൺഫ്രൻസിൽ ഭാരതത്തിന്റെ സാന്നിദ്ധ്യം: ഷാലു റ്റി. നൈനാൻ, രാജു കെ. തോമസ്, എം.കെ. സണ്ണി, ഏബ്രഹാം തോമസ്, എം.എ. ജോയി, ഡേവിഡ് എലിയ, സോളമൻ നമ്പൂർ എന്നിവർ*

## കുമ്പനാടു സമ്മേളനം: അനുകൂല പ്രതികരണങ്ങൾ

ഒക്ടോബർ 8 നു നടന്ന ബ്രദറൺ സഭാ പ്രതിനിധി സമ്മളനത്തിലെ ആശയങ്ങൾ ഉൾക്കൊണ്ട് കേരളത്തിലെ അനേക സ്ഥലംസഭകൾ ബ്രദറൺ ക്രിസ്ത്യൻ ചർച്ച് എന്നോ തത്തുല്യമായോ ഉള്ള പേരുകൾ സ്വീകരിക്കുകയും ആവശ്യമായ രേഖകൾ ചമയയ്ക്കുകയും ചെയ്തിട്ടുണ്ട്. ഇതു ചാരിതാർത്ഥ്യജനകമാണ്. പല സ്ഥലംസഭകളും രജിസ്ട്രേഷൻ നടപടി ക്രമങ്ങളും ആരംഭിച്ചിട്ടുണ്ട് എന്നതും പ്രസ്താവ്യമാണ്.

Printed, published by P.E. Samkutty on behalf of BCCF Printed at Puthethu Offset, Kallissery. For Private Circulation Only